01 ജനുവരി 2021 പുസ്തകം: 13 ലക്കം: 07 വില: 10 രൂപ പേജ് : 36

# കലാധ്വനി

മാസിക



ശബ്ദിക്കുന്നവരെ
നിശബ്ദരാക്കുകയോ

കരസേനാദിനം

മഹത്‌വചനങ്ങൾ

ആരോഗ്യം

നവവത്സര
ആശംസകൾ



സെൻ ഇന്റർനാഷണലിൽ നിന്നും പർച്ചേസ് ചെയ്യൂ.... സ്വന്തമാക്കൂ.....
സെൻ
ക്രിസ്തുമസ് - ന്യൂ ഇയർ
ഡിസ്കൗണ്ട്
SALE
oppo
Smart Phone
vivo
Smart Phone
SAMSUNG
Smart Phone
ലോകോത്തര ഗുണനിലവാരമുള്ള ഫർണീച്ചറുകൾ ഏറ്റവും കുറഞ്ഞ വിലയിൽ
FINANCE AVAILABLE
ഇലക്ട്രോണിക്സ് — കിച്ചൻ അപ്ലയൻസസ് — മൊബൈൽ — ക്രോക്കറി — ഫർണ്ണീച്ചർ
SEN
സെൻ
ഇന്റർനാഷണൽ
WHOLESALE & RETAIL
9207077766
പുത്തൻചന്ത വർക്കല 0470 2609800
മൈതാനം വർക്കല 0470 2609889
സ്റ്റേഷൻ റോഡ് പരവൂർ 0474 2512016

യുവതയുടെ ശബ്ദം
# കലാധ്വനി
(Govt:media list magazine) മാസിക
Mission, Integrity, Excellence

### മുഖച്ചിത്രം




അനഘ ബാബു

01 ജനുവരി 2021 പുസ്തകം 13
ലക്കം 07 വില 10 രൂപ പേജ് 36
RNI - KERMAL 2008/27448

**പബ്ളിക്കേഷൻ അഡ്രസ്**
കലാധ്വനി മാസിക
വി. വി. വിഹാർ, ഇലകമൺ പി.ഒ,
വർക്കല, തിരുവനന്തപുരം.. 695310
Phone: 9037259950
E-mail: editorkaladwani@gmail.com
**ന്യൂസ് ബ്യൂറോ**
കലാധ്വനി മാസിക
വർക്കല, തിരുവനന്തപുരം
Phone: 90372 59950
Online News Portal:
www.kaladwaninews.com
U-Tube: kaladwani news

**5** തൂത്തുവാരി എൽ. ഡി. എഫ് തകർന്നടിഞ്ഞ് കോൺഗ്രസ്. ശക്തിയാർജിച്ച് ബി. ജെ. പി:

ഭാരത കരസേനാ ദിനം
R. Subhash. (Rtd Indian Navy) Chief Editor
**7** **8**

സത്യം പറയുന്ന നാവുകളെ നിശബ്ദമാക്കുകയണോ..?
**32**

ഇന്ത്യയും 72 - ാമത് റിപ്പബ്ളിക് ദിനാഘോഷവും..........................09
കേരളവും ഊർജോപഭോഗവും........................................................10
ഗാന്ധിജി ഇന്ത്യയുടെ കാവൽ വെളിച്ചം...........................................11
പൊതുവിജ്ഞാനം.............................................................................13
മഹത്വചനങ്ങൾ................................................................................23
മറഡോണയെന്ന മഹാവിസ്മയം.......................................................25.
സ്വയം പര്യാപ്ത ഭാരതത്തിന്റെ പുതിയ പ്രതീകം.............. ............27
വാർത്തകൾ.......................................................................................28
കുട്ടികൾക്കുണ്ടാകുന്ന കാൽ വേദന................................................29
വയർ കുറയ്ക്കാൻ എളുപ്പവഴികൾ................................................33

**ചീഫ് എഡിറ്റർ:** ആർ.സുഭാഷ് ചന്ദ്രകുറുപ്പ് ,ഇലക്ട്രോണിക് എഞ്ചിനീയർ (റിട്ട.ഇൻഡ്യൻ നേവി)
ഫോൺ: 9037259950, **എഡിറ്റർ:** ആർ.സുഭാഷ് ചന്ദ്രകുറുപ്പ് ,**നിയമോപദേഷ്ടാവ്** :അഡ്വ : എസ്.എം. റഫീക്
BSc, LLB, **ലേ ഔട്ട് & ഡിസൈൻ:** സുഭാഷ്, കലാധ്വനി. **സബ് എഡിറ്റർ:** അനഘ ബാബു

**ആമുഖം**

യുവതയുടെ ശബ്ദം KALADWANI

# കലാധ്വനി

magazine ജീവിതവിജയത്തിന് ഒരു വഴികാട്ടി

**ആമുഖം**

**സാ**മൂഹിക പ്രതിബദ്ധത ലക്ഷ്യമിട്ട് പ്രവർത്തിച്ച് വരുന്ന കലാധ്വനി മാസിക ഇപ്പോൾ അതിന്റെ പതിമൂന്നാം വർഷത്തിലാണ്.ബാല്യ-കൗമാര-യുവ മനസ്സുകളിലും രക്ഷകർത്താക്കൾക്കിടയിലും സ്ഥിരപ്രതിഷ്ഠ നേടിയ പത്ര മാസികയാണ് കലാധ്വനി.തിരുവനന്തപുരത്തു നിന്ന് എല്ലാ മാസവും ഒന്നിന് മുടങ്ങാതെ പ്രസിദ്ധീകരിച്ച് വരുന്ന കലാധ്വനി,കുട്ടികളിലെ വിവിധങ്ങളായ സർഗ്ഗാത്മക കഴിവുകളെ പരിപോഷിപ്പിക്കാനുതകുന്ന പംക്തികളും,പഠനപരമായ ലേഖനങ്ങൾ,ഫീച്ചറുകൾ,പ്രോജക്ട് വർക്ക് ആസ്പദമാക്കിയുള്ള വിഷയങ്ങൾ,പൊതുവിജ്ഞാനം,ക്വിസ് എന്നിവയും; അവരിൽ ദേശീയത,ദിശാബോധം,അച്ചടക്കം,മൂല്യബോധം എന്നിവ വളർത്തുന്നതിനായി പുരാണ കഥകൾ,ഗുണപാഠകഥകൾ,ജീവിതവിജയകഥകൾ തുടങ്ങിയവയും, കൂടാതെ കുട്ടികളുടെ വിവിധങ്ങളായ കലാസാഹിത്യ സൃഷ്ടികളും,വ്യത്യസ്തത പുലർത്തുന്ന മറ്റ് പംക്തികളും, ജോലി അന്വേഷകർക്കും മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നവർക്കുമായി പ്രത്യേക വിജ്ഞാന മേഖലകളും കൈകാര്യം ചെയ്യുന്നതിനൊപ്പം;സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി..പരിസ്ഥിതി സംരക്ഷണം, റോഡ് സുരക്ഷ എന്നീ വിഷയങ്ങളിൽ സ്കൂളുകളുമായി ചേർന്ന് ബോധവൽക്കരണവും, പരിശീലനങ്ങളും സംഘടിപ്പിച്ചുവരുന്നതും, കൂടാതെ അപകടങ്ങളിലോ, അത്യാഹിതങ്ങളിലോ, പെടുന്ന ആർക്കും പ്രത്യേകിച്ച് കുട്ടികൾ, വിദ്യാർത്ഥിനികൾ, വൃദ്ധർ തുടങ്ങിയവർക്ക് ഏതവസരത്തിലും ബന്ധപ്പെട്ട അധികാരസ്ഥാനങ്ങളുമായി സഹകരിച്ച് സുരക്ഷാ പ്രവർത്തനങ്ങളും നടത്തുന്ന കലാധ്വനി,ഇതരപ്രസിദ്ധീകരണങ്ങളിൽ നിന്നും ഏറെ വ്യത്യസ്തത പുലർത്തുന്ന പത്ര പ്രസിദ്ധീകരണമാണ്. കുട്ടികളിൽ വായനാശീലം വളർത്തുന്നതിന്റെ ഭാഗമായി സ്കൂളുകളിൽ വായനാലോകം പദ്ധതിയും നടപ്പിലാക്കി വരുന്നു.അതോടൊപ്പം കലാധ്വനി മാസിക അതിന്റെ വാർഷിക വരിക്കാർക്കും അവരുടെ കുടുംബാംഗങ്ങൾക്കുമായി ഒട്ടേറെ നൂതന പദ്ധതികൾ ആരംഭിച്ചിരിക്കുന്ന വസ്തുത കൂടി എല്ലാ മാന്യവായനക്കാരെയും അറിയിക്കുകയാണ്. **Helpline Number: 9037259950**

## കലാധ്വനി ഹെൽപ് ഡെസ്ക് സർവീസുകൾ

1.സമൂഹത്തിന്റെ വിവിധമേഖലകളിലെ മനുഷ്യാവകാശ ലംഘനങ്ങൾ, ഭരണതല അഴിമതി, അനാസ്ഥ, കെടുകാര്യസ്ഥത,നീതിനിഷേധം, ജന ദുരിതങ്ങളായ മറ്റ് വിഷയങ്ങൾ എന്നിവകൾക്കെതിരെ ശക്തമായ പ്രവർത്തനസംവിധാനം.

2. +2 കഴിഞ്ഞ, സാമ്പത്തിക വരുമാനം കുറഞ്ഞവരായ 5 വിദ്യാർത്ഥിനികൾക്ക് രണ്ടുമാസം ദൈർഘ്യമുള്ള സൗജന്യ ഹ്രസ്വകാല തൊഴിലധിഷ്ഠിത ജേർണലിസം/കമ്പ്യൂട്ടർ കോഴ്സ് നൽകുന്നു.

3. കലാധ്വനി വാർഷിക വരിക്കാരുടെ കുടുംബാംഗങ്ങൾക്ക് തൊഴിലവസരങ്ങൾ കണ്ടെത്താൻ പ്രത്യേക തൊഴിൽ ദാനപദ്ധതി.

ഏവരുടെയും ആത്മാർത്ഥമായ സഹകരണം ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ആർ.സുഭാഷ്, ചീഫ് എഡിറ്റർ **(Rtd. Indian Navy), Electronic Engr.**
*(Formerly Manager, Deepika & Rastra Deepika) ,*
*Director : Moments Detective Agency*

### മുന്നറിയിപ്പ്

കലാധ്വനി മാസികയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളിലെ അഭിപ്രായങ്ങളുടെ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും. ചീഫ് എഡിറ്റർ

### അറിയിപ്പ്

കലാധ്വനി: വാർഷിക വരിക്കാർക്കുള്ള കോപ്പികൾ എല്ലാമാസവും 5,6 തീയതികളിലാണ് അയക്കുന്നത്. കോപ്പികൾ കൃത്യമായി ലഭിക്കാതെ വരികയോ, മറ്റ് അഭിപ്രായങ്ങളോ, നിർദ്ദേശങ്ങളോ ഉള്ളവർ 90372 59950 ഹെൽപ്പ് ലൈൻ നമ്പരിൽ വിളിക്കുക. ചീഫ് എഡിറ്റർ

കലാധ്വനി മാസികയിൽ പ്രസിദ്ധീകരിക്കുന്ന പരസ്യങ്ങൾക്കനുസൃതമായി പ്രവർത്തിക്കുന്നതിനു മുമ്പായി ആയതിന്റെ നിജസ്ഥിതിയെ കുറിച്ച് അന്വേഷിച്ച് ഉറപ്പുവരുത്തേണ്ടതാണ്. പരസ്യക്കാരുടെ ഏതെങ്കിലും അവകാശവാദങ്ങൾ ശരിയാണെന്ന് കലാധ്വനിയുടെ പ്രസാധകർ ഉറപ്പു നൽകുന്നില്ല. പരസ്യക്കാരുടെ അവകാശവാദങ്ങൾ തെറ്റാണെങ്കിലോ, ആർക്കെങ്കിലും തന്മൂലം വല്ല നഷ്ടങ്ങൾ സംഭവിച്ചാലോ കലാധ്വനി മാസികയുടെ പബ്ളിഷറോ, പ്രിന്ററോ, എഡിറ്ററോ മറ്റ് പ്രവർത്തകരോ ഉത്തരവാദികൾ ആയിരിക്കുന്നതല്ല.

# എഡിറ്റോറിയൽ

# തൂത്തുവാരി എൽ. ഡി. എഫ്... തകർന്നടിഞ്ഞ് കോൺഗ്രസ്... ശക്തിയാർജിച്ച് ബി. ജെ. പി:


*തദ്ദേശ തിരഞ്ഞെടുപ്പിൽ ഇടതുമുന്നണി തിളക്കമാർന്ന വിജയം ഉറപ്പിച്ചപ്പോൾ, യുഡിഎഫിന് കുറെ ജയം ഉണ്ടായെങ്കിലും പലയിടങ്ങളിലും കോൺഗ്രസിന്റെ അടിത്തറ പൂർണ്ണമായും തകർന്ന കാഴ്ചക്കപ്പുറം,മുസ്ലീംലീഗിനും അടിയേറ്റതായി കാണാനാകും.ബി.ജെ.പി യുടെതാകട്ടെ പ്രതീക്ഷിച്ച നേട്ടം ചിലയിടങ്ങളിൽ ഉണ്ടായിട്ടില്ലെങ്കിൽ കൂടി,നിരവധിയിടങ്ങളിൽ പ്രധാന പ്രതിപക്ഷമായും എത്താനായിട്ടുണ്ട്.മാത്രവുമല്ല ഉള്ളത് നിലനിർത്താനും,അതോടൊപ്പം ഇടതുവലതുകോട്ടകളിൽ പലയിടങ്ങളിലും കടന്നുകയറി ആധിപത്യം ഉറപ്പിക്കാനുമായിയെന്നത് വലിയ നേട്ടം തന്നെയാണ്. തിരഞ്ഞെടുപ്പിന് മുമ്പ് തന്നെ തിരുവനന്തപുരം കോർപ്പറേഷൻ ബിജെപി നേടുമെന്ന് എതിർ കക്ഷികൾ പോലും കരുതിയതാണ്.അത്രയ്ക്ക് സൂക്ഷ്മതയോടെയാണ് തിരുവനന്തപുരത്തെ കാര്യങ്ങൾ നീങ്ങിയതെങ്കിലും അവിടെ ചില വോട്ട് മറിമായങ്ങൾ ഉണ്ടായിട്ടുള്ളതായി ആക്ഷേപമുണ്ടായിട്ടുണ്ട്.അതുപോലെ മറ്റു ചില ജില്ലകളിലും സമാന കൈക്കോർക്കലുകൾ ഉണ്ടായിട്ടുള്ളതായി അപസ്വരങ്ങളുയർന്നിട്ടുണ്ട്. ഇതിന് മറ്റൊരു വശം കൂടിയുണ്ട്.അതെന്തെന്നാൽ തിരുവനന്തപുരം ബി.ജെ.പി.യക്ക് പോയാൽ അത് പല പ്രകാരത്തിലും ചിലർക്ക് ദോഷമാകുമെന്നിരിക്കെ അടിയൊഴുക്കുകൾ എത്ര സംഭവിച്ചിട്ടുണ്ടാകുമെന്നത് വോട്ടുകണക്കുകൾ വരുന്നതോടെ ബോധ്യമാകും. അതുവരെ നമുക്ക് കാത്തിരിക്കാം.*

*മറ്റൊന്ന് സമദൂരം പെരുന്നയിൽ പൊരുന്നയിരുന്നിട്ടും പന്തളവും തൊട്ടടുത്ത മാവേലിക്കര നഗരസഭയും പിടിച്ചത് ബിജെപിയുടെ അഭിമാന നേട്ടം തന്നെയാണ്.അപ്പോൾ നിസംശയം പറയാവുന്ന നേട്ടം ബിജെപിയുടെതാണ്.*



*ഇരുമുന്നണികൾക്കും,മതവോട്ടുകൾ ഉപയോഗപ്പെടുത്തി ബിജെപിയുടെ കുതിപ്പ് കുറച്ചെന്ന് ആശ്വസിക്കാമെങ്കിലും ജനങ്ങൾ ബി.ജെ.പിയെ സ്വീകരിച്ചു കഴിഞ്ഞിരിക്കുന്നു.ഇരുമുന്നണികൾക്കും ഉള്ളത്ര വർഗ്ഗീയത ബിജെപിക്കില്ല എന്ന തിരിച്ചറിവാണ്,ജനങ്ങൾ ബിജെപിയെ കൈ പിടിച്ച് മുന്നോട്ടു നടത്താൻ തയ്യാറായിരിക്കുന്നത്...ആ തെളിവാണ് തിരഞ്ഞെടുപ്പിൽ കണ്ടത്.അതെ..! താമര എല്ലായിടത്തും വിരിഞ്ഞുതുടങ്ങിയിരിക്കുന്നു.ഒരു താമരപ്പൂക്കാലത്തിന് ഇനി അധികനാൾ കാത്തിരിക്കേണ്ടി വരില്ലെന്നാണ് ഇപ്പോഴത്തെ തിരഞ്ഞെടുപ്പ് അനുഭവവേദ്യമാക്കുന്നത്.*

*സ്നേഹപൂർവ്വം*


**R. Subhash. (Rtd Indian Navy)**
**(Electronic Engr.) ചീഫ് എഡിറ്റർ**
**Director Moments Pvt Detective Agency**
**(Investigation wing of Kaladwani)**



നവവത്സരാശംസകൾ
ചിത്രരചന
Best wishes in the year
2021
Thanks to the year
2020
Prithvi S vinod Std IV
Arya Central School,
Pattom, Trivandrum.
Wish you all a very Happy New Year




നവവത്സരാശംസകൾ
916
AFJ
K
ARABIAN
FASHION JEWELLERY
GOLD | DIAMOND | PLATINUM | SILVER | WATCHES
അതിരുകളില്ലാത്ത
ആത്മബന്ധം
POTHENCODE
8090 916 916
ATTINGAL
8175 916 916
ALAMCODE
8176 916 916
Showrooms Open on All Sundays






# ഭാരത കരസേനാ ദിനം

R. Subhash. (Rtd Indian Navy) Chief Editor



Army Chief
*General Manoj Mukund Naravene*

സ്വതന്ത്രഭാരത സൈന്യത്തിന്റെ ആദ്യ കരസേനാ മേധാവിയായി ഇന്ത്യാക്കാരനായ ജനറൽ കോദണ്ഡറ മാടപ്പ കരിയപ്പ എന്ന കെ.എം. കരിയപ്പ ചുമതലയേറ്റ ദിനമാണ് ഭാരതീയകരസേന, കരസേനാ ദിനമായി ആചരിച്ചു വരുന്നത്. 1949 ജനുവരി 15-നാണ് ജനറൽ പദവിയിൽ അദ്ദേഹം കരസേനാമേധാവിയായി ചുമതലയേറ്റത്.

കരസേനാമേധാവിയുടെ ആസ്ഥാനം ഡൽഹിയാണ്. മേധാവിയെ **ചീഫ് ഓഫ് ആർമി സ്റ്റാഫ്** എന്നും പറയുന്നു. ജനറൽ പദവിയാണുള്ളത്.

സ്വാതന്ത്ര്യലബ്ധിയോടെ അന്നുണ്ടായിരുന്ന സൈന്യത്തെ ഉടച്ചുവാർക്കുകയെന്ന പ്രധാനദൗത്യമാണ് ജനറൽ കരിയപ്പയ്ക്ക് നിർവ്വഹിക്കുവാനുണ്ടായിരുന്നത്. അന്നത്തെ ദുർബലമായ സേനയെ ലോകത്തെ ഏറ്റവും പ്രബലമായ സൈനികശക്തിയാക്കുന്നതിൽ നിർണ്ണായക സ്ഥാനമാണ് കരിയപ്പ വഹിച്ചത്. സേനയെ സാധാരണ ജനങ്ങളുമായി അടുപ്പിക്കുന്നതിലും, ടെറിട്ടോറിയൽ ആർമി, എൻ.സിസി തുടങ്ങിയവയുടെ രൂപീകരണം, വനവൽക്കരണനടപടികൾ, കുടുംബാസൂത്രണം എന്നിവ നടപ്പാക്കുന്നതിലും അദ്ദേഹം പ്രമുഖ പങ്ക് വഹിച്ചു.

**രാഷ്ട്രസേവനത്തിന്റെയും പോരാട്ട വീര്യത്തിന്റെയും ദീപ്തമായ ഓർമ്മകളിൽ ഭാരതം ഇന്ന് കരസേനാ ദിനം ആഘോഷിക്കുകയാണ്. രാഷ്ട്രത്തിന്റെ അഭിമാനമാണ് സൈനികർ. ധീരൻമാരുടെ സാഹോദര്യം, രാഷ്ട്രത്തിനു വേണ്ടിയുള്ള ജീവത്യാഗം,മരണത്തെപ്പോലും നേരിടുന്ന ധീരത,സമത്വചിന്ത,നീതിയും സത്യസന്ധതയും,അച്ചടക്കം,രാഷ്ട്രത്തോടുള്ള പ്രതിബദ്ധത, തോൽവിയുടെ അപമാനത്തേക്കാൾ മരണം വരിക്കുന്ന ധീരത, തുടങ്ങിയവ ഭാരതീയ കരസേനയുടെ പ്രത്യേകതയായി ഗണിക്കപ്പെടുന്നു. അവർ ഉണർന്നിരിക്കുന്നെന്ന വിശ്വാസത്തിലാണ് ഭാരതീയജനത സമാധാനത്തോടെ ഉറങ്ങുന്നത്.**

**Please Visit..like and Subscribe**
**Our Youtube channel ...... Kaladwani news**
**Our online news portal ..... www.kaladwaninews.com**

**Mission, Integrity, Excellence, our Motto.**










# ഭാരത കരസേനാ ദിനം

**2020** *ജനുവരി 15-ന് 71 വർഷം പിന്നിടുന്ന ഭാരതീയ കരസേന ഇന്ന് അഭിമാനപുരസ്സരം തലയുയർത്തി നില്ക്കുകയാണ്.20 ലക്ഷത്തോളം അംഗബലവും, നൂതന യുദ്ധസാമഗ്രികളും,യുദ്ധതന്ത്ര നൈപുണ്യവും കരഗതമാക്കിയ നമ്മുടെ കരസേനയ്ക്ക് ലോകത്തിലെ രണ്ടാം സ്ഥാനമാണുള്ളത്. അതിർത്തികൾ കാത്തു സൂക്ഷിക്കുക, രാജ്യത്തിന്റെ സമാധാനപാലനത്തിനും, സുരക്ഷയ്ക്കും വേണ്ടി പ്രവർത്തിക്കുക,തീവ്രവാദ പ്രവർത്തനങ്ങൾക്കെതിരെയുള്ള പ്രവർത്തനം, അടിയന്തിരഘട്ടങ്ങളിൽ ദുരിതാശ്വാസമെത്തിക്കൽ,എന്നിവ കരസേനയുടെ പ്രധാന ധർമ്മങ്ങളാണ്. കരസേനയടക്കമുള്ള എല്ലാ സായുധസേനാ വിഭാഗങ്ങളുടെയും ഭരണച്ചുമതല രാജ്യരക്ഷാമന്ത്രിയിലാണ് നിക്ഷിപ്തമായിരിക്കുന്നത്.ഭരണഘടനാപ്രകാരം എല്ലാ സായുധ സേനകളുടെയും സുപ്രീം കമാൻഡർ, ഇന്ത്യൻ റിപ്പബ്ളിക്കിന്റെ പ്രസിഡന്റാണ്.*

**We are prepared for any eventuality at any time**


















ഫോക്കസ്






# ഇന്ത്യയും
# 72 –ാമത് റിപ്പബ്ളിക് ദിനാഘോഷവും

**Anagha Babu: Sub Editor**
**Kaladwani news**





**ബ്രി**ട്ടീഷ് ഭരണത്തിൽ നിന്നും ഇന്ത്യ മോചിതയായി, ഒരു പരമാധികാര റിപ്പബ്ളിക് രാജ്യമായതിന്റെ സ്മരണ പുതുക്കലാണ് എല്ലാ വർഷവും ജനുവരി 26 റിപ്പബ്ളിക് ദിനമായി ആഘോഷിക്കപ്പെടുന്നത്.ഇന്ത്യയുടെ ദേശീയ അവധി ദിനങ്ങളിൽ ഒന്നാണ് ജനുവരി 26.

ഇന്ത്യ ഒരു പരമാധികാര റിപ്പബ്ളിക് രാജ്യമായത് 1950 ജനുവരി 26 നാണ്.അന്നാണ് ഇന്ത്യൻ ഭരണഘടന നിലവിൽ വന്നത്.ഇന്ത്യയുടെ പ്രഥമ രാഷ്ട്രപതിയായ ഡോ. രാജേന്ദ്രപ്രസാദ് ജനുവരി 26 ന് ഭരണഘടനയിൽ ഒപ്പുവച്ചതോടെയാണ് ഇന്ത്യ ഒരു പരമാധികാര റിപ്പബ്ളിക് രാഷ്ട്രമായത്.


റിപ്പബ്ളിക് ദിനത്തിന്റെ പ്രാധാന്യം നില നിർത്തുന്നതിനായി ഇന്ത്യയുടെ തലസ്ഥാന നഗരിയായ ന്യൂഡൽഹിയിൽ എല്ലാ വർഷവും വൻസൈനിക പരിപാടികൾ നടത്തപ്പെടുന്നു. രാഷ്ട്രപതി ഭവനിൽ നിന്ന് ആരംഭിക്കുന്ന സൈനിക പരേഡ്,രാജ്പഥിൽ കൂടി സഞ്ചരിച്ച് ചരിത്രപ്രസിദ്ധമായ ചെങ്കോട്ടയിൽ എത്തി അവസാനിക്കുന്നു.


തുടർന്ന് ഇന്ത്യയുടെ മൂന്ന് സേനകളായ കര, നാവിക വ്യോമ സേനകളിലെ സൈനികർ അവരുടെ പൂർണ ഔദ്യോഗിക വേഷമണിഞ്ഞുള്ള മാർച്ച് ഫാസ്റ്റ് നടത്തുന്നു.ഇന്ത്യൻ സേനകളുടെ സർവ്വ സൈന്യാധിപൻ കൂടിയായ രാഷ്ട്രപതി ഈയവസരത്തിൽ സല്യൂട്ട് സ്വീകരിക്കുന്നത് വിശിഷ്ട ചടങ്ങുകളിലൊന്നാണ്. ഇതിന് പുറമെ ഇന്ത്യയുടെ വിവിധ സാംസ്കാരിക വൈവിധ്യങ്ങൾ ഉൾക്കൊള്ളുന്ന ഫ്ളോട്ടുകളും, മറ്റ് ദൃശ്യങ്ങളും,പ്രകടനങ്ങളും പ്രദർശിപ്പിക്കുന്നു. ഇന്ത്യൻ വ്യോമസേനയുടെ വിമാനാഭ്യാസ പ്രകടനങ്ങൾ മറ്റൊരു പ്രധാന ഘടകമാണ്. നിരവധി വിദേശ പ്രതിനിധികളും,പ്രത്യേകം ക്ഷണിക്കപ്പെട്ട രാഷ്ട്രത്തലവന്മാരും നമ്മുടെ റിപ്പബ്ളിക് ദിനാഘോഷങ്ങളിൽ പങ്കെടുക്കാറുണ്ട്.

കൂടാതെ എല്ലാ സംസ്ഥാനങ്ങളിലും റിപ്പബ്ളിക് ദിനാഘോഷം നടക്കാറുണ്ട്. അതത് സംസ്ഥാനങ്ങളിലെ ഗവർണർമാരാണ് സംസ്ഥാന തലസ്ഥാനങ്ങളിൽ പതാക ഉയർത്തുന്നത്. ഇന്ത്യാ ചരിത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട ദിനമാണ് റിപ്പബ്ളിക് ദിനം. അതുകൊണ്ട് തന്നെയാണ് എല്ലാ വർഷവും ഈ ദിനം വിപുലമായി ആഘോഷിക്കപ്പെടുന്നതും.















# കേരളവും ഊർജോപഭോഗവും

Anagha Babu:




**കേ**രളത്തിൽ ഊർജോപഭോഗം വർധിച്ചു വരികയാണെങ്കിലും ഉൽപാദന രംഗത്ത് ഏറെയൊന്നും മുന്നോട്ട് നീങ്ങിയിട്ടില്ലാത്ത അവസ്ഥയിലാണ് കേരളം എത്തിനിൽക്കുന്നത്. ജല വൈദ്യുത പദ്ധതികളാണ് ഉത്പാദന ചെലവിന്റെ കാര്യത്തിൽ അഭികാമ്യമെങ്കിലും വനനശീകരണത്തിനും പരിസ്ഥിതി തകർച്ചയ്ക്കും ഇടയാക്കുമെന്നതിനാൽ പുതിയ പദ്ധതികളുമായി മുന്നോട്ട്പോകാനാവില്ലെന്നത് സാരം. അതേസമയം കേരളത്തിന് ഏറ്റവും കൂടുതൽ വെളിച്ചവും ഊർജവും പകരുന്ന ഇടുക്കി പദ്ധതിയുടെ അനുബന്ധമായി 750 മെഗാവാട്ടിന്റെ രണ്ടാംഘട്ട പദ്ധതി വരാൻപോകുന്നുവെന്നുമാണ് ജലവൈദ്യുതിയുമായി ബന്ധപ്പെട്ട പുരോഗതിയെന്ന് പറയാവുന്നത്. ആവശ്യമായതിന്റെ മൂന്നിലൊന്നോളം മാത്രം വൈദ്യുതിയാണ് കേരളത്തിലെ ആഭ്യന്തരോത്പാദനം. ദേശീയ പവർഗ്രിഡ് മുഖേന യഥേഷ്ടം വൈദ്യുതി ലഭ്യമാണെങ്കിലും വർദ്ധിച്ച ചെലവും അധികരിച്ച പ്രസരണ നഷ്ടവും, ലൈനിലെ ഇതരപ്രശ്നങ്ങളും സൃഷ്ട്ടിക്കുന്ന പ്രയാസങ്ങൾ ഏറെയാണ്. ഉത്തരേന്ത്യയിൽ നിന്ന് വൈദ്യുതി കൊണ്ടുവരുന്നതിന്റെ ലൈനിനുവേണ്ടി ചെലവഴിക്കേണ്ടിവരുന്ന തുക കൂടിക്കൂടി വരുന്നു. മാത്രവുമല്ല കൂടുതൽ ഊർജോൽപാദനത്തിന് ബദൽ മാർഗങ്ങൾ വ്യാപിക്കണമെന്നത് കേരളത്തിന്റെ പ്രഖ്യാപിത നയമാണെങ്കിലും പറയത്തക്ക പുരോഗതി അടുത്ത കാലം വരെ ഉണ്ടായിട്ടില്ല.കൂടാതെ നേരത്തെ 50 മെഗാവാട്ട്ശേഷിയുള്ള  പുരപ്പുര സൗരോർജപദ്ധതിക്ക് സബ്സിഡി തുക അനുവദിച്ച കേന്ദ്രസർക്കാർ ഇപ്പോൾ 200 മെഗാവാട്ട് പദ്ധതിക്ക് കൂടി സബ്സിഡി തുക അനുവദിച്ചിരിക്കുകയാണ്. മാത്രവുമല്ല, സൗരോർജത്തിൽനിന്ന് വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതിക്ക് വലിയ സബ്സിഡി നൽകി പ്രോത്സാഹിപ്പിക്കുന്നത് വൈദ്യുതി ക്ഷാമം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയെന്നതിലുപരി പരിസ്ഥിതി സൗഹൃദമാക്കുക  കൂടിയാണ് ലക്ഷ്യം. അതേസമയം പ്ലാന്റ് സ്ഥാപിക്കുന്നതിനാശ്യമായ ചെലവിന്റെ ഭാഗം സബ്സിഡിയായി നൽകിയാണ് പദ്ധതി നടപ്പിലാക്കുത്. കൂടാതെ വീടുകളിലേക്കാവശ്യമായ വൈദ്യുതി വീട്ടിൽ നിന്നുതന്നെ കിട്ടുന്നുവെന്നതിന് പുറമെ സ്വന്തം പുരപ്പുറം നല്ലൊരു വരുമാനമാർഗ്ഗമാക്കാനും പദ്ധതി സഹായകമാണ്. അതിനെക്കാളുപരി,സർക്കാർ സ്ഥാപനങ്ങളും സ്വകാര്യസ്ഥാപനങ്ങളും എല്ലാം സൗരോർജമുപയോഗിച്ച് വൈദ്യുതിയുൽപാദിപ്പിച്ച്,ഉപയോഗിക്കുന്നതിന് തയ്യാറായാൽ വൈദ്യുതിക്ഷാമം നമുക്ക് പരിഹരിക്കാൻ കഴിയും. പക്വെഷ പറഞ്ഞിട്ടെന്താ... കാര്യം. എന്തെന്നാൽ കാറ്റ് നന്നെങ്കിലല്ലോ, കല്ലും പറക്കൂ...?




ഫോക്കസ്

# ജനുവരി 30: രക്തസാക്ഷി ദിനം
# ഗാന്ധിജി ഇന്ത്യയുടെ കാവൽ വെളിച്ചം

**ഇന്ത്യയുടെ രാഷ്ട്രപിതാവും കാവൽ വെളിച്ചവുമായ മഹാത്മാ ഗാന്ധിയുടെ(മോഹൻദാസ് കരംചന്ദ് ഗാന്ധി)ചരമദിനമാണ് ഭാരതം രക്തസാക്ഷി ദിനമായി ആചരിക്കുന്നത്.**

**Anagha Babu: Sub Editor**






**1948** ജനുവരി 30,അന്നാണ് നമ്മുടെ രാഷ്ട്രപിതാവായ മഹാത്മാഗാന്ധി, ഹിന്ദുമത ഭ്രാന്തനും, വർഗ്ഗീയവാദിയുമായ നാഥുറാം വിനായക് ഗോഡ്സെയുടെ വെടിയേറ്റു മരിച്ചത്.കൊലയാളിയായ ഗോഡ്സെയെ പിന്നീട് വധശിക്ഷക്കു വിധിക്കപ്പെട്ട് തൂക്കിലേറ്റുകയുണ്ടായി.

മതേതരത്വത്തിന്റെ വക്താവും ദാർശനികനുമായിരുന്നു ഗാന്ധിജി.സമുദായങ്ങൾ തമ്മിലുള്ള മൈത്രിയും,പൗരജീവിതവും,സാമൂഹ്യപരവുമായ വിഷയങ്ങളിൽ മാനവികയിൽ ഊന്നിയുള്ള പ്രവർത്തനങ്ങൾക്കാണ് മുൻതൂക്കം കല്പിച്ചിരുന്നത്. അഹിംസയിലൂന്നിയ സത്യഗ്രഹസമരമായിരുന്നു അദ്ദേഹത്തിന്റെ ഏക ആയുധം. അർദ്ധനഗ്നനായ ഫക്കീറിന് എന്തു ചെയ്യാൻ കഴിയുമെന്ന് ഹാസ്യരൂപേണയെങ്കിലും ചോദിച്ചവർക്കുള്ള മറുപടി, മാനവികതയ്ക്ക് ഊന്നൽ നല്കിയുള്ള ഗാന്ധിജിയുടെ ആദർശങ്ങളിലും ദർശനങ്ങളിലും വിദേശിയർ ഉൾപ്പെടെയുള്ള നിരവധി വിശിഷ്ട വ്യക്തികൾ ആകർഷിക്കപ്പെട്ടിട്ടുണ്ടെന്ന് കാണാവുന്നതാണ്.

ഇന്ത്യൻ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിലെ മുന്നണിപ്പോരാളിയും, വഴികാട്ടിയുമായിരുന്ന ഗാന്ധിജി, സ്വാതന്ത്രലബ്ധിക്കുശേഷമുണ്ടായ ഭാരതവിഭജനത്തിലും തുടർന്നുണ്ടായ വർഗ്ഗീയ ലഹളകളിലും ഏറെ ദുഃഖിതനായിരുന്നു.

1948 ജനുവരി 30 ന്(വെള്ളിയാഴ്ച)ഒരു പ്രാർത്ഥനായോഗത്തിൽ പങ്കെടുക്കവേയാണ് വർഗ്ഗീയതയുടെ കരാളരൂപമണിഞ്ഞ നാഥുറാം ഗോഡ്സെയന്ന അക്രമിയുടെ വെടിയേറ്റ്, എന്നെന്നേക്കുമായി ഈ ലോകത്തോട് ഗാന്ധിജി വിട പറഞ്ഞത്. അഹിംസയെന്ന സത്യാഗ്രഹസമരസിദ്ധാന്തത്തിലൂടെ ലോകശ്രദ്ധ പിടിച്ചുപറ്റിയ മാനവികതയുടെ സന്ദേശവാഹകനായ ഗാന്ധിജി,ഒടുവിൽ ഹിംസയുടെ പാത സ്വീകരിച്ച വ്യക്തിയാൽ ഹിംസിക്കപ്പെടുകയാണുണ്ടായത്. ഗാന്ധിജിയുടെ രക്തസാക്ഷിത്വത്തിന്റെ ഓർമ്മയ്ക്കായി എല്ലാ വർഷവും ജനുവരി 30 രക്തസാക്ഷിദിനമായി ആചരിച്ചുവരുന്നു. ഗാന്ധിജിയുടെ സമാധിസ്ഥലമാണ് രാജ്ഘട്ട്.

ഒക്ടോബർ 2 ഗാന്ധിജയന്തി ദിനമായി എല്ലാവർഷവും ആചരിക്കുന്നു. ഈ ദിവസം നമ്മുടെ സർക്കാർ അവധിദിനമായും, ഐക്യരാഷ്ട്രസഭ ലോകസമാധാനദിനമായും പ്രഖ്യാപിച്ചിട്ടുണ്ട്. മഹത്തായ എന്നർത്ഥം വരുന്ന മഹാത്മാ,അച്ഛൻ എന്നർത്ഥമുള്ള ബാപ്പു തുടങ്ങിയ വിശേഷണങ്ങൾ, ജനഹൃദയങ്ങളിൽ ഗാന്ധിജിയ്ക്കുള്ള സ്ഥാനമാണ് സാക്ഷ്യപ്പെടുത്തുന്നത്.

■

# ഫോബ്സ് പട്ടികയിൽ ഇടം നേടി കേന്ദ്ര ധനകാര്യമന്ത്രി നിർമ്മലാ സീതാരാമൻ




**അമേരിക്കൻ മാസികയായ ഫോബ്സ് പട്ടികയിൽ ലോകത്തെ ഏറ്റവും ശക്തമായ സ്ത്രീകളിൽ 41..ാം സ്ഥാനത്ത് ഇന്ത്യയുടെ സ്വന്തം നിർമ്മലാ സീതാരാമൻ**

## ഭരണഘടന

*ഒരു രാവവവ്യവസ്ഥ, ഭരണസംവിധാനം, ഭരണകൂട അധികാരങ്ങൾ, ചുമതലകൾ തുടങ്ങി ഒരു പൗരൻ എന്ന നിലയിലുള്ള മൗലികാവകാശങ്ങൾ, പൗരന് രാഷ്ട്രത്തോടുള്ള കടമകൾ എന്നീ വിഷയങ്ങൾ നിർവചിക്കുന്ന അടിസ്ഥാന നിയമസംഹിത യെയാണ് ഭരണഘടന എന്ന് പറയുന്നത്.*

*1947 ആഗസ്റ്റ് 15 ന് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയെങ്കിലും 1950 ജനുവരി 26 വരെ ഇന്ത്യയ്ക്ക് സ്വന്തമായി ഒരു ഭരണഘടന ഉണ്ടായിരുന്നില്ല.1947 മുതൽ 1950 ജനുവരി വരെയുള്ള കൈമാറ്റ കാലഘട്ട ത്തിൽ ജോർജ്ജ് 4–ാ മനായിരുന്നു ഇന്ത്യയുടെ ഭരണത്തലവൻ. ഇക്കാലഘട്ടത്തിൽ സി. രാജഗോ പാലാചാരി ആയിരുന്നു ഇന്ത്യയുടെ ഗവർണ്ണർ ജനറൽ.*

*ഇന്ത്യയുടെ പ്രഥമ രാഷ്ട്രപതി ഡോക്ടർ രാജേന്ദ്ര പ്രസാദ് ആയിരുന്നു.*

## റിപ്പബ്ളിക്

*ജനക്ഷേമരാഷ്ട്രം എന്നാണ് റിപ്പബ്ളിക് എന്ന വാക്കിന്റെ അർത്ഥം. റെസ്പബ്ളിക്ക എന്ന ലാറ്റിൻ പദത്തിൽ നിന്നാണ് ഈ വാക്കുണ്ടായത്. പ്രത്യേക ഭരണഘടനയ്ക്കു കീഴിൽ ഭരണഘടന അനുശാ സിക്കുന്ന വിധത്തിൽ രാജ്യഭരണം നിർവ്വഹി ക്കുന്നതിനുള്ള രാഷ്ട്രത്തലവനെ ജനങ്ങളാൽ തിരഞ്ഞെടുക്കുന്ന സമ്പ്രദായം നിലനിൽക്കുന്ന രാഷ്ട്രങ്ങളെയാണ് റിപ്പബ്ളിക് എന്നു പറയുന്നത്. ഇന്ത്യയിൽ പരമാധികാരം ജനങ്ങളിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ജനങ്ങളുടെ താൽപര്യങ്ങൾ ഭരണഘടനയുടെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ടു നിർവ്വഹിക്കാനുള്ള പ്രതിനിധി മാത്രമാണ് ഭരണകർത്താക്കൾ.*

**കലാധ്വനി. ഫേസ്ബുക്കിൽ കുട്ടികൾക്കായി GK Education Page ആരംഭിച്ചിരിക്കുന്നു**




# പൊതുവിജ്ഞാനം

കലാധ്വനി ന്യൂസ് ഡസ്ക്

## കടങ്കഥകൾ

1. **ആ**നകേറാമല ആളുകേറാമല ആയിരം കാന്താരി പൂത്തിറങ്ങി.

*നക്ഷത്രങ്ങൾ*

2. കുത്തിയാൽ മുളക്കില്ല. വേലിയിൽ പടരും

*ചിതൽ*

3. ചുണ്ടില്ലെങ്കിലും ചിരിക്കും, കരയും, അട്ടഹസിക്കും

*മേഘം.*

4. ജീവനില്ല, കാലുമില്ല, ഞാൻ എത്താത്തയിടവുമില്ല. എന്നെ കൂടാതെ നിങ്ങളുടെ ജീവിതം ദുഷ്കരം.

*നാണയം*

5. ചട്ടിത്തലയൻ ചന്തയ്ക്കുപോയി

*തണ്ണിമത്തൻ*

6. പോകുമ്പോൾ നാലാൾ, വരുമ്പോൾ നാലാളും ചേർന്ന് ഒരാൾ.

*മുറുക്കാൻ*

7. കിറുകിറുപ്പ് കേട്ട് ചക്കിൻ ചുവട്ടിൽ പോയപ്പോൾ, പിള്ളാർക്ക് തിന്നാൻ പിണ്ണാക്കില്ല.

*മുളങ്കൂട്ടം*

8. കാലിൽ പിടിച്ചാൽ തോളിൽ കയറും.

*കുട*

9. തട്ടിയാലും ചീറും, മുട്ടിയാലും ചീറും, ഊതിയാൽ ആളും.

*അടുപ്പിലെ തീ*

10. വലിച്ചിടും, പുറത്തുകയറും, നാക്കിൽ കൊടുക്കും മുക്കണ്ണനെ.

*ചിരവ*

11. മണിയടിച്ചാൽ കൂകി വിളിച്ച് പെരുമ്പാമ്പ് ഓടും.

*തീവണ്ടി*

12. മുകളിൽ കാട്, അടിയിൽ പാറ, ഉള്ളിൽ ചോറ്.

*തല*

## തൂലികാനാമങ്ങൾ

*1. തിക്കോടിയൻ – കുഞ്ഞനന്തൻ നായർ*
*2. കാക്കനാടൻ – ജോർജ് വർഗ്ഗീസ്*
*3. മാധവിക്കുട്ടി – കമലാസുരയ്യാ*
*4. കേരളവാല്മീകി – വള്ളത്തോൾ*
*5. കേരളവ്യാസൻ – കുഞ്ഞിക്കുട്ടൻ നായർ*
*6. കേരളപാണിനി – എ.ആർ. രാജരാജവർമ്മ*
*7. കേരളതുളസീദാസ് – വെണ്ണിക്കുളം ഗോപാലകുറുപ്പ്*
*8. ഒളപ്പമണ്ണ – സുബ്രഹ്മണ്യം നമ്പൂതിരി*
*9. വി.കെ.എൻ – വി.കെ. നാരായണൻ*
*10. വിലാസിനി – എം.കെ. മേനോൻ*
*11. വത്സല എം.എ – വൈക്കം ചന്ദ്രശേഖരൻ നായർ*

## കുട്ടിക്കവിതകൾ

### ഇല്ല

*മണ്ണില്ലെങ്കിൽ മരമില്ല*
*മരമില്ലെങ്കിൽ കൊമ്പില്ല*
*കൊമ്പില്ലെങ്കിൽ ഇലയില്ല*
*ഇലയില്ലെങ്കിൽ പൂവില്ല*
*പൂവില്ലെങ്കിൽ കായില്ല*
*കായില്ലെങ്കിൽ ഫലമില്ല*
*മണ്ണില്ലെങ്കിൽ മണലില്ല*
*മണലില്ലെങ്കിൽ പുഴയില്ല*
*പുഴയില്ലെങ്കിൽ ജലമില്ല*
*ജലമില്ലെങ്കിൽ നാമില്ല...*

കലാധ്വനി ന്യൂസ്
www.kaladwaninews.com
9037259950
Wanted Urgent
NEWS READER/
News Cordinator
(female)
9037259950




# പി.എസ്.സിയ്ക്ക് വരാവുന്ന പ്രധാന ചോദ്യങ്ങൾ ... (ലേറ്റസ്റ്റ്)...?

**1.** 2016-ൽ റാഫേൽ യുദ്ധവിമാനങ്ങൾ വാങ്ങാൻ ഇന്ത്യ ഏതു രാജ്യവുമായാണ് ധാരണയായത്?

*ഫ്രാൻസ്*

2. ആഗോളതാപനം തടയുന്നത് സംബന്ധിച്ചുള്ള പാരീസ് ഉടമ്പടിയിൽ 165 രാജ്യങ്ങൾ ഒപ്പുവച്ച ദിവസം?

*12 ഡിസംബർ 2016*

3. കാലാവസ്ഥാവ്യതിയാനം സംബന്ധിച്ചുള്ള പാരീസ് ഉടമ്പടി 2016-ൽ നിലവിൽ വന്നപ്പോൾ അപ്രസക്തമായി തീർന്ന ഉടമ്പടി ഏതാണ്?

*ക്യോട്ടോ പ്രോട്ടോക്കോൾ*

4. ഇന്ത്യയിൽ നോട്ടു നിരോധനത്തിലൂടെ 500, 100 രൂപ നോട്ടുകൾ അസാധുവാക്കിയ ദിവസം?

*നവംബർ 8 - 2016*

5.അമേരിക്കയുടെ എത്രാമത്തെ പ്രസിഡന്റാണ് ഡൊണാൾഡ് ട്രംപ്?

*45*

6. ജയലളിത അന്തരിച്ചത്?

*2016 ഡിസംബർ 5*

7.കയർ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനായി 2016-ൽ നിലവിൽ വന്ന ട്രേഡ് മാർക്ക്?

*കേരള കയർ*

8. കേരള കയർ എന്ന ട്രേഡ് മാർക്കിന് പേറ്റന്റ് നേടിയ സ്ഥാപനം?

*കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്*

9. ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സംസ്ഥാനം?

*കേരളം (2016)*

10. സ്വതന്ത്രഇന്ത്യയിലെ അവസാനത്തെ റയിൽവേ ബജറ്റ് അവതരിപ്പിച്ചത്?

*സുരേഷ്പ്രഭു (2016)*

11. 2016-ലെ ആബെൽ പ്രൈസ് ജേതാവ്?

ആൻഡ്രു വെയിൽസ് (ഇംഗ്ളണ്ട് - ഗണിത ശാസ്ത്രജ്ഞൻ)

12. ഇന്ത്യ സ്വന്തം ദിശാനിർണ്ണയസംവിധാനത്തിനായി വിക്ഷേപിച്ച ഉപഗ്രഹം?

നാവിക് (IRNSS..ഇന്ത്യൻ റീജനൽ നാവിഗേഷൻ സാറ്റലൈറ്റ് സിസ്റ്റം)

13. നാവിക് എന്ന പേര് നൽകിയത്?

*നരേന്ദ്രമോദി*

14. യൂറോപ്യൻ യൂണിയനിൽ തുടരണമോ എന്നത് സംബന്ധിച്ച് ബ്രിട്ടണിൽ നടന്ന ജനഹിത പരിശോധനയെ അറിയപ്പെടുന്നത്?

*ബ്രെക്സിറ്റ്*

15. ജി.എസ്.ടി. നടപ്പാക്കാനുള്ള ഭരണഘടനാ ഭേദഗതി?

*122*

16. ജി.എസ്.ടി നടപ്പാക്കുന്നതിൽ പിന്തുണച്ച സംസ്ഥാന ങ്ങളുടെ എണ്ണം? *16*

17. ഈ മെയിൽ വിലാസത്തിൽ "@" ഈ സിംബൽ അവതരിപ്പിച്ച്?

*റേ ടോം ലിൻസൺ*

18. പുല്ലാങ്കുഴലിൽ ലോക റിക്കോർഡ് സ്ഥാപിച്ച് ഗിന്നസ് ബുക്കിൽ ഇടം നേടിയ മലയാളി?

*മുരളി നാരായണൻ (തൃശൂർ)*

19. 2016-ൽ പത്താൻ കോട്ടിൽ നടന്ന ആക്രമണത്തിൽ ഭീകരർക്കെതിരെ ഇൻഡ്യൻ സേന നടത്തിയ കമാൻഡോ ഓപ്പറേഷൻ?

*ഓപ്പറേഷൻ ധങ്കു*

20. ഇന്ത്യൻ ക്രിക്കറ്റ് ബോർഡിന്റെ സമൂല പരിഷ്കരണത്തിനായി സുപ്രീം കോടതി നിയമിച്ച കമ്മീഷൻ?

*ജസ്റ്റിസ് ആർ. എം.ലോധ കമ്മീഷൻ*

21. ഡൽഹി..ആഗ്രാ പാതയിൽ ആരംഭിച്ച മധ്യവേഗ ട്രെയിൻ സർവ്വീസ്?

*ഗതിമാൻ എക്സ്പ്രസ് (160 കി.മി. വേഗത)*

22. സ്മാർട്ട് സിറ്റി പദ്ധതിയിൽ കേരളത്തിൽ നിന്നും ഉൾപ്പെട്ടിട്ടുള്ള നഗരം?

*കൊച്ചി*


**കലാധ്വനി മാസിക**

**ജീവിതവിജയത്തിന് ഒരു വഴികാട്ടി**
**വായിക്കുക, വരിക്കാരാകുക**

***വാർഷിക വരിസംഖ്യ 100 രൂപയാണ്. മാസിക എല്ലാ മാസവും 10-ാം തീയതിക്കകം വരിക്കാർക്ക് തപാൽ വഴി ലഭിക്കുന്നതായിരിക്കും. താൽപര്യമുള്ളവർ 9037259950 എന്ന നമ്പരിൽ ബന്ധപ്പെടുക.***




# പൊതുവിജ്ഞാനം

23. കൃഷി നാശം മൂലമുണ്ടാകുന്ന ദുരിതങ്ങൾ കുറയ്ക്കാൻ കേന്ദ്ര സർക്കാർ 2016-ൽ ഏർപ്പെടുത്തിയ പദ്ധതി?

*പ്രധാനമന്ത്രി ഫസൽ ബീമ യോജന*
*(പ്രധാനമന്ത്രി വിള ഇൻഷ്വറൻസ് പദ്ധതി)*

24. സംരംഭകത്വം പ്രോത്സാഹിപ്പിക്കുന്നതിന് 2016-ൽ കേന്ദ്ര സർക്കാർ ആരംഭിച്ച പദ്ധതി?

*അടൽ ഇന്നവേഷൻ മിഷൻ*

25.2016-ൽ കേരളാ തെരഞ്ഞെടുപ്പ് കമ്മീഷന്റെ അംബാസിഡറായി നിയമിതനായത്?

*മജീഷ്യൻ ഗോപിനാഥ് മുതുകാട്*

26. തായ്‌വാന്റെ ആദ്യ വനിതാ പ്രസിഡന്റ്?

*സായ് ഇങ്ങവെൻ (2016)*

27. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കാലം ലോക്‌സഭാ സ്പീക്കറായിരുന്ന വ്യക്തി 2016-ൽ അന്തരിച്ചു...ആര്?

*ബൽറാം റാം ജാക്കർ*

28. ടു കിൽ എ മോക്കിംഗ് ബേർഡ്..എന്ന ഒറ്റ കൃതിയിലൂടെ ലോക പ്രശസ്തയായ എഴുത്തുകാരി 2016-ൽ അന്തരിച്ചു? ആര്?

*ഹാർലർ ലീ*

29. ഹാർലർ ലീ എഴുതിയ ടു കിൽ എ മോക്കിംഗ് ബേർഡിന്റെ രണ്ടാം ഭാഗം 2005-ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. കൃതി ഏതാണ്?

*ഗോസ്റ്റ് എ വാച്ച്മാൻ*

30. കാളിദാസന്റെ ജീവിതത്തെ ആസ്പദമാക്കി ഒ.എൻ. വി. കുറുപ്പ് രചിച്ച കാവ്യാഖ്യായിക?

*ഉജ്ജയിനി*

31. ഒ.എൻ.വിയുടെ ആദ്യ കവിതാ സമാഹാരം?

*പൊരുതുന്ന സൗന്ദര്യം*

32. മഹാരാഷ്ട്രയിലെ നാസിക്കിൽ നിർമ്മിച്ച "അഹിംസയുടെ പ്രതിമ" എന്ന ജൈന പ്രതിമക്ക് ഉയരത്തിൽ ലോക റെക്കോർഡ് ലഭിച്ചു. ആരുടേതാണ് പ്രതിമ?

*ഋഷഭ ദേവ് തീർത്ഥങ്കരൻ (108 അടി ഉയരം)*

33. അനുവദനീയമായ പ്ലാസ്റ്റിക് കാരീബാഗുകളുടെ കുറഞ്ഞ കനം എത്രയാണ്?

*50 മൈക്രോൺ*

34. പ്രവാസി കമ്മീഷന്റെ ആദ്യ ചെയർമാനായി നിയമിതനായത്?

*ജസ്റ്റിസ്. പി. ഭവദാസൻ*

35. രാഷ്ട്രപതി തെരഞ്ഞെടുപ്പിൽ പ്രണവ് മുഖർജിക്കെതിരെ മത്സരിച്ച നേതാവ്. 2016-ൽ അന്തരിച്ചു. ആര്?

*പി.എ.സാംഗ്മ*

36. റെയിൽവേ സ്റ്റേഷനുകളിൽ അംഗ പരിമിതർക്കും, പ്രായമായവർക്കും വീൽചെയറുകളും ബാറ്ററി കാറുകളും പോർട്ടർമാരുടെ സേവനവും സൗജന്യമായി ലഭിക്കാൻ ഐ.ആർ.സി.ടി.സി ആരംഭിച്ച പദ്ധതി?

*യാത്ര മിത്ര*

37. കരസേനയുടെ ഓഫീസേഴ്സ് ട്രെയിനിംഗ് അക്കാദമിയിൽ സൈനിക പരിശീലനം പൂർത്തിയാക്കിയ ആദ്യ വിദേശവനിത?

*താഷ്യാങ്ങ്സേം*

38. ഹിസ്ബുൾ കമാൻഡർ ബുർഹാൻവാനിയുടെ വധത്തെ തുടർന്ന് ജമ്മു കാശ്മീരിൽ രൂപപ്പെട്ട സംഘർഷം അവസാനിപ്പിക്കാൻ കരസേന ആരംഭിച്ച സൈനിക നീക്കം?

*ഓപ്പറേഷൻ കാം ഡൗൺ*

39. ഗണിത ശാസ്ത്രത്തിലെ നോബൽ സമ്മാനം എന്നറിയപ്പെടുന്നത്?

*ഫീൽഡ് മെഡൽ*

40. ആധുനിക ഗണിത ശാസ്ത്രത്തിന്റെ പിതാവ്?

*റെനെ ദെക്കാർത്തെ*

41. ഗണിത ശാസ്ത്രജ്ഞരുടെ ബൈബിൾ എന്നറിയപ്പെടുന്ന പുസ്തകം?

*എലെമെന്റ്സ്*

42. ലൂഡോൾഫ് നമ്പർ എന്നറിയപ്പെടുന്ന സംഖ്യ?

*3.14*

## പൊടിക്കൈകൾ
## വേപ്പില

*വേപ്പിലയും മൈലാഞ്ചിയും ചേർത്ത് എണ്ണ കാച്ചിപുരട്ടുന്നത് മുടി തഴച്ചു വളരാനും നര കുറയ്ക്കുവാനും സഹായിക്കും.*

*വയറിളക്കം,വയറുകടി,കൃമിശല്യം എന്നിവയ്ക്കും നല്ല ഔഷധമാണ്.*

*കറികളിൽ വേപ്പില കൂടുതലായി ഉൾപ്പെടുത്തുക. കറിയിലെ വേപ്പില ചവച്ചരച്ച് കഴിക്കുകക. നരമാറാൻ സഹായകമാകും.*

GK General Knowledge
കലാധ്വനി ന്യൂസ് ഡസ്ക്
General Knowledge
GK Questions

# പൊതുവിജ്ഞാനം

## എൽ.പി, യു.പി ക്ലാസുകൾക്കായി

### പര്യായ പദങ്ങൾ

1. താമര....നളിനം, അരവിന്ദം, രാജീവം,പുഷ്ക്കരം
2. രക്തം...ലോഹിതം,നിണം,ശോണിതം,രുധിരം
3. വള്ളി... വല്ലി,ലത,വല്ലരി
4. ചുണ്ട്...അധരം,ഓഷ്ടം,ചൊടി
5. നാക്ക്.... ജിഹ്വ, ലലന, രസന
6. നെറ്റി.... ഫാലം,ലലാടം,അളികം
7. ചിറക്... പർണം,പക്ഷം,ഛേദം
8. വീട....ഗേഹം,ഗൃഹം,ആലയം
9. അത്ഭുതം.... ചിത്രം,വിസ്മയം,ആശ്ചര്യം
10. വെള്ളം....ജലം,തോയം,പയസ്,സലിലം,അംബു
11. നദി .... തടിനി,തരംഗിണി,സരിത്ത്,വാഹിനി
12. കൊടുമുടി.... ശൃംഗം,ശിഖരം,കൂടം
13. കൈ .... പാണി, ബാഹു,ഹസ്തം,കരം

## അർത്ഥ വ്യത്യാസങ്ങൾ

| | | |
|---|---|---|
| 1. അർത്ഥം | - | ധനം |
| അർദ്ധം | - | പകുതി |
| 2. ചരണം | - | പാദം |
| ശരണം | - | ആശ്രയം |
| 3. ഘടി | - | ഘടികാരം |
| ഘടം | - | കുടം |
| 4. പാരായണം | - | വായന |
| പാരാവാരം | - | സമുദ്രം |
| 5. ദർഷം | - | അഹങ്കാരം |
| ദർഷണം | - | കണ്ണാടി |
| 6 പ്രചുരം | - | വളരെയുള്ള |
| പ്രചാരം | - | നടപ്പിലുള്ള |
| 7. കരാളം | - | ഭയങ്കരം |
| മരാളം | - | അരയന്നം |
| 8. ആദി | - | ആദ്യത്തെ |
| ആധി | - | മനപീഡ |
| 9. നിർവാണം | - | മോക്ഷം. |
| നിർവ്വഹണം | - | സമാപ്തി |
| 10. ജാതി | - | ഇനം |
| ജ്യോതി | - | പ്രകാശം |
| 11. പാശം | - | കയറ് |
| പാശി | - | യമൻ |
| 12. അജം | - | ആട് |
| ഗജം | - | ആന |
| 13. രഥം | - | തേര് |
| രദം | - | പല്ല് |
| 14. രവം | - | ശബ്ദം |
| രവി | - | സൂര്യൻ |
| 15. വസനം | - | വസ്ത്രം |
| വസതി | - | വീട് |
| 16. വൃക്ഷം | - | മരം |
| വൃഷം | - | കാളം |
| 17. ഹസ്തം | - | കൈ |
| ഹസ്തി | - | ആന |
| 18. അന്ധം | - | ഇരുളടഞ്ഞ |
| അന്തം | - | അവസാനം |
| 19. സൂതൻ | - | പുത്രൻ |
| സുതൻ | - | തേരാളി |

■

ഗീതം മാർജിൻ ഫ്രീ കമ്പിക്കട
മഞ്ചാടിമൂട്; വെഞ്ഞാറമൂട്; കിളിമാനൂർ; കടയ്ക്കൽ: 9847743750
ഞങ്ങളുടെ പ്രത്യേകത.....
ഞങ്ങളുടെ ഒരു സ്ഥാപനത്തിലും കയറ്റു കൂലി ഉണ്ടായിരിക്കുന്നതല്ല

കവിത




# ഉൾക്കാഴ്ച



കവിത

പ്രഭ ശിവ

*ഹൃദയം*
*അനുഭവിക്കുന്ന*
*സ്വാതന്ത്ര്യത്തിന്റെ*
*ചതുരത്തിൽ*
*ലോകം സൃഷ്ടിക്കുമ്പോൾ*
*ആസ്വാദനത്തിന്റെ*
*പിടിവാശികളുടെ*
*മർമ്മരങ്ങളുണ്ടാവാം*
*തനിക്കാവശ്യമുള്ളതൊക്കെയും*
*കെട്ടിപ്പടുത്തും*
*അനാവശ്യമായവയെ*
*കെട്ടഴിച്ചു വിട്ടും*
*കെടുതികളിൽ വഴിവിളക്കുകൾ*
*ഓരോന്നായി തെളിച്ചും*
*തെറിക്കുന്ന കാഴ്ചകൾക്കിടയിൽ*
*അർത്ഥങ്ങൾ തിരയാതെ*
*ആർത്തും തിമിർത്തും*
*മുറിവുകളുണ്ടാക്കുന്നവരെ*
*അത്രമേൽ നിശബ്ദമായ*
*വാക്കുകളാൽ തുറുങ്കിലടച്ചും*
*നിറം വറ്റാത്ത*
*നിലാ വെളിച്ചത്തിൽ*
*വിശ്വാസങ്ങളുടെ കരയിലിരുന്നു*
*ഒരിളം കാറ്റിനെ കൂട്ട് പിടിച്ച്*
*സ്വാതന്ത്ര്യത്തിന്റെ സ്ഥാനത്ത്*
*ജീവിതമെന്നെഴുതി ഒപ്പിട്ട്*
*ഹൃദയത്തിൽ സൂക്ഷിക്കാം...*

കവിത




# ഒരു നാൾ...



അനഘ ബാബു

*എനിക്ക് സിനിമ കാണണം*
*കഥാപാത്രത്തെ കാണണം*
*ഞാനൊരു സാഡിസ്റ്റാണ്*
*ഉത്തേജനം എനിക്ക് വേണം*
*വളം ഫാക്റ്റം ഫോസാണ്*
*പെട്ടന്ന് വളർച്ച കിട്ടണം*
*ചെടി ആഗ്രഹിക്കുന്നതിൽ തെറ്റില്ല*
*ഞാൻ പ്രാപ്തനാണോ..?*
*എന്നനിക്കറിയില്ല*
*എങ്കിലും എനിക്ക് വേണം*
*എത്തിപിടിക്കുവാൻ*
*ആരും കാണാത്ത സ്ഥലം*
*ഞാനൊരു മണ്ടനല്ല*
*എങ്കിലും ബുദ്ധിമാനല്ല*
*വയ വയോദ്ധികനല്ല*
*ചെറുപ്പം ആലോചിക്കുക*
*ബുദ്ധി അളക്കുക,ചിന്തിക്കുക*
*സമയമായില്ല, കാത്തിരിക്കുക*
*നിനക്കും വരും സമയം...*

**കലാധ്വനി. ഫേസ്ബുക്കിൽ കുട്ടികൾക്കായി GK Education Page ആരംഭിച്ചിരിക്കുന്നു**

# ജനുവരി 25: ദേശീയ വിനോദ സഞ്ചാരദിനം

# കേരളത്തിലെ വിനോദ സഞ്ചാര മേഖലകൾ



ഇന്ത്യയിലെ മികച്ച വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ഒന്നാണ് കേരളം.ലക്ഷക്കണക്കിന് വിനോദസഞ്ചാരികളാണ് കേരളം സന്ദർശിക്കാനെത്തുന്നത്. വൈവിധ്യമേറിയ ഭൂപ്രകൃതിയാൽ സമ്പന്നമാണ് കേരളം. ട്രാവൽ ആന്റ് ലിഷർ മാഗസിനിൽ 21–ാം നൂറ്റാണ്ടിൽ സന്ദർശിക്കേണ്ട 100 സ്ഥലങ്ങളിൽ ഒന്നായി കേരളത്തെ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

കേരളത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ കടൽത്തീരങ്ങളായ കോവളം, വർക്കല, ശംഖംമുഖം, ആലപ്പുഴ,ചെറായി,ബേക്കൽ,മുഴിപ്പിലങ്ങാട് തുടങ്ങിവയും, അഷ്ടമുടിക്കായൽ ,കുമരകം,പാതിരാമണൽ, തുടയങ്ങിയ കായലുകളും, നെയ്യാർ, മൂന്നാർ, നെല്ലിയാമ്പതി,ദേവികുളം,പൊൻമുടി,വയനാട്, വാഗമൺ തുടങ്ങിയ മലയോര വിനോദസഞ്ചാര കേന്ദ്രങ്ങളും,വന്യജീവി സംരക്ഷണ കേന്ദ്രങ്ങളായ പെരിയാർ കടുവാ സംരക്ഷിത പ്രദേശം,ഇരവികുളം ദേശീയോദ്യാനം,എന്നിവയും ഉൾപ്പെടുന്നു.കൂടാതെ ശബരിമല, ഗുരുവായൂർ,പത്മനാഭസ്വാമി ക്ഷേത്രം, വർക്കല ജനാർദ്ദനസ്വാമി ക്ഷേത്രം, വാഴപ്പള്ളി മഹാദേവക്ഷേത്രം,ബീമാപ്പള്ളി,പാറേൽപ്പള്ളി, ചേരമാൻജുമാ മസ്ജിദ്, തെക്കൻ കുരിശുമല,എടത്വാ പള്ളി,മലയാറ്റൂർ പള്ളി, തുടങ്ങിയനാനാജാതി മതസ്ഥരുടേതായ നിരവധി തീർത്ഥാടന കേന്ദ്രങ്ങളും ഉൾപ്പെടുന്നു.

# കുട്ടിരാമായണം



അയോദ്ധ്യാ രാജ്യത്തെ ദശരഥ മഹാരാജാവിനു കുട്ടികൾ ഉണ്ടായിരുന്നില്ല. രാജാവും ഭാര്യമാരും കുട്ടികളുണ്ടാവാൻ തപസ്സു ചെയ്തു. കുറെ തപസ്സു ചെയ്തപ്പോൾ അവർക്ക് നാലു കുട്ടികൾ ഉണ്ടായി. അവരാണ് രാമനും,ലക്ഷ്മണനും,ഭരതനും,ശത്രുഘ്നനും.രാമൻ ഒരു പരീക്ഷണത്തിൽ ജയിച്ചതിനെ തുടർന്ന് സീതാദേവിയെ വിവാഹം കഴിച്ചു. അങ്ങനെയിരിക്കെ ഭരതനെ രാജാവാക്കാൻ വേണ്ടി ഭരതന്റെ അമ്മ കൈകേയി രാമനേയും രാമന്റെ ഭാര്യ സീതയേയും, ലക്ഷ്മണനേയും പതിന്നാലു കൊല്ലത്തേയ്ക്ക് കാട്ടിൽ അജ്ഞാതവാസത്തിന് അയപ്പിച്ചു. കാട്ടിൽ വച്ച് രാക്ഷസരാജാവും ക്രൂരനുമായ രാവണൻ സീതയെ കണ്ടു.സ്വർണ്ണ നിറമുള്ള മാനിന്റെ വേഷം കെട്ടിയ മാരീചന്റെ സഹായത്തോടെ രാവണൻ സീതാദേവിയെ കട്ടുകൊണ്ട് ലങ്കയിലേയ്ക്ക് പോയി.സീതയെ അന്വേഷിച്ചു നടന്ന രാമനും ലക്ഷ്മണനും, കാട്ടിൽ വാനരൻമാരായ സുഗ്രീവനേയും ഹനുമാനേയും കണ്ടുമുട്ടി. വാനര രാജാവായ ബാലിയെ പേടിച്ച് ഒളിച്ചു താമസിക്കുകയായിരുന്നു അവർ. രാമന്റെ സഹായത്തോടെ സുഗ്രീവൻ ദുഷ്ടനായ ബാലിയെ യുദ്ധത്തിൽ കൊന്ന് സുഗ്രീവനെ വാനര രാജാവാക്കി. സുഗ്രീവനും ഹനുമാനും സീതയെ അന്വേഷിക്കാൻ രാമനെ സഹായിച്ചു. ഹനുമാൻ കടൽ ചാടിക്കടന്ന് ലങ്കയിൽ എത്തി. സീതയെ കണ്ടു. രാമനും കൂട്ടരും കടലിൽ പാലം കെട്ടി ലങ്കയിൽ ചെന്ന് രാവണനോട് യുദ്ധം ചെയ്തു. യുദ്ധത്തിൽ മുറിവേറ്റ ലക്ഷ്മണന് മരുന്നിന് വേണ്ടി ഹനുമാൻ ഒരു മല പൊക്കി കൊണ്ട് വന്നു. പിന്നീട് വലിയ യുദ്ധത്തിൽ രാമൻ രാവണനെ വധിച്ചു. സീതയെ രക്ഷിച്ചു. ഇതാണ് രാമായണം കഥ.

*കടപ്പാട് നാട്ടുകഥകൾ*



നോവൽ

# ഹംസധ്വനി ദു:ഖ ഗാന്ധാരത്തിൽ

35



ശശിധരൻ അടൂർ

**എ**ന്താ ചേച്ചിയ്ക്കു പെട്ടെന്നൊരു ഭാവമാറ്റം!
വാസുദേവഭട്ടതിരി എന്തുചെയ്യുന്നു?
രണ്ടുമൂന്നു തുണിക്കടകളിൽ കണക്കെഴുത്ത്.
അതിനുമുൻപുമറ്റെവിടെങ്കിലും ജോലിചെയ്തിട്ടുണ്ടോ!
ഉണ്ടെല്ലോ..
എവിടെ..?
ദിനേശ് ഓട്ടോ മോബൈൽസ്,ദിനേശ് ബോഡീ ബിൽഡേഴ്സ് അങ്ങിനെ മൂന്നുനാലു ചെറുകിട സ്ഥാപനങ്ങളുള്ള ഒരു ദിനേശൻ മുതലാളിയുടെ അക്കൗണ്ടന്റായി.
തന്റെയൂഹം തെറ്റായില്ല...
തുണിക്കടകളിലെ കണക്കെഴുത്തിനേക്കാൾ നല്ലതല്ലായിരുന്നോ അത്!
തീർച്ചയായും.
പിന്നെന്താവിട്ടുകളഞ്ഞത്..?
സ്വയം വിട്ടുകളഞ്ഞതല്ല. പിരിച്ചുവിട്ടതാ.
എന്തിന്..?
കണക്കെഴുത്തിൽ എന്തൊ കള്ളത്തരം കാട്ടിയത്രേ.
അതുകണ്ടുപിടിക്കാനും മാത്രം അത്രമിടുക്കനൊന്നുമല്ലല്ലോ അയാൾ...
മുതലാളിയുടെ ഭാര്യ നല്ല വിദ്യാഭ്യാസമുള്ളവരാ. അവരാണത്രെ കണ്ടുപിടിച്ചത്.
ഇതൊക്കെ അശ്വിനി എങ്ങിനെയറിഞ്ഞു?
അച്ഛൻ പറഞ്ഞോ..!
അച്ഛനൊന്നും പറഞ്ഞിട്ടില്ല. നാട്ടുകാരുപറഞ്ഞു കേട്ടതാണ്. ആ സംഭവത്തിനു ശേഷം അച്ഛൻ ആരോടുമങ്ങനെ സംസാരിക്കാറില്ല.
അധികവും മൗനാചരണമാ.
ആകട്ടെ, ദിനേശൻ മുതലാളി അത്രമിടുക്കനൊന്നുമല്ലെന്നു ചേച്ചിയ്ക്കെങ്ങനറിയാം..?
അതെന്റെ ഏട്ടനാ അശ്വിനീ.
ഓ! അതു ശരി.
അശ്വിനി അത്ഭുതം പൂണ്ടു.
പിന്നെ വിഷാദമൂകമായ ചിന്തയിലാണ്ടു.
എന്താ അശ്വിനീ ഒരു ഭാവമാറ്റം..!
ഒരു വിഷമംപോലെ.
ഒരപേക്ഷേയെ ഉള്ളൂ.
ഒരു കള്ളന്റെ മകൾ എന്നു കരുതാതിരുന്നാൽ മാത്രം മതി.
ആ നീലമിഴികൾ നിറഞ്ഞുതുളുമ്പി.
ഛെ! എന്താ അശ്വിനി ഇത്..?
അച്ഛന്റെ പേരു വാസുദേവഭട്ടതിരിയെന്നു കേട്ടപ്പോൾ, എന്റെ ഏട്ടന്റെസ്ഥാപനങ്ങളിൽ ജോലിനോക്കിയിരുന്ന അതേ ഭട്ടതിരിയാണോ എന്നറിയണമെന്നുതോന്നി.
അതുകൊണ്ടാണിത്രയുമൊക്കെ ചോദിച്ചത്. ഈ വാസുദേവഭട്ടിതിരിയെക്കുറിച്ചു ഞങ്ങളാരും ആരോടും ഒന്നും പറഞ്ഞിട്ടില്ല.
ഉം...അതൊക്കെപ്പോകട്ടെ. വീട്ടിൽ ആരൊക്കെയുണ്ട്?
അച്ഛന്റെ കാര്യം പറഞ്ഞല്ലോ. പിന്നെ അമ്മയും കോളേജിലും ഹൈസ്കൂളിലുമായി പഠിക്കുന്ന ഒരനിയനും അനിയത്തിയും.

*തുടരും 20 -ാം പേജിൽ*

e-Desk
A business solution partner
OUR SERVICES
◆ PAN CARD ◆ TDS UPLOADING
◆ DIGITAL SIGNATURE
◆ GST REGISTRATION & FILING
◆ INSURANCE (VEHICLE, HEALTH, LIFE)
◆ IT RETURN ◆ RAIL & AIR TICKETS
◆ TYPING ◆ PHOTOSTAT
B2, Penta Estate, Janatha Jn., Palarivattom
Ph: 8086333920, 6282848164
E-mail: edeskekm@gmail.com

നോവൽ

## 35 ഹംസധ്വനി ദു:ഖ ഗാന്ധാരത്തിൽ

പഠിക്കാൻ മിടുക്കരാണോ..!
ങാ..! തരക്കേടില്ല.
അച്ഛന്റെ വരുമാനം കൊണ്ടുകാര്യങ്ങളൊക്കെ നടക്കുന്നുണ്ടോ?
ഒരു വിധം.
സമയമൊരുപാടായി നമുക്കൂണുകഴിക്കാൻ പോകാം.
പോകാം.
അവർ ഒരുമിച്ചൂണുകഴിച്ചു മടങ്ങിവന്നു.
പിന്നീട് ഉച്ചയുറക്കത്തിനായി കിടന്നു.
രമ്യ ഉറക്കമുണർന്നുനോക്കുമ്പോൾ നാലുമണി.
അശ്വിനി അപ്പോഴും ഉറക്കത്തിലാണ്.
രമ്യ മുഖംകഴുകി വേഷംമാറി പുറത്തുപോകാൻ തയ്യാറായി.
അശ്വിനിയെ വിളിച്ചുണർത്തി.
അശ്വിനീ ഞാൻ ഒന്നുപുറത്തുപോകുന്നു.
ഉം...
ഉറക്കം വിട്ടുമാറാത്ത അവൾ ഒന്നുമൂളുകമാത്രം ചെയ്തു.
അനന്തവിഹായസ്സിൽ പറന്നുയരുന്ന ഒരു വാനംപാടിയെപ്പോലെ രമ്യ കടൽത്തീരത്തേയക്കുപോയി.
അന്തിവാനും അസ്തമനസൂര്യനും അലയാഴിയും തീരത്തെ മണൽപ്പരപ്പും.എന്നും തനിയ്ക്ക് ആത്മഹർഷമരുളുന്ന പ്രപഞ്ചവേദികൾ.
എന്നത്തെയും പോലെ മണൽപ്പരപ്പിൽ അവിടവിടെയായി ആളുകൾ കൂടിയിരിക്കുന്നു.
രമ്യ മണൽപ്പരിപ്പിലാകമാനം ഒന്നുകണ്ണോടിച്ചു...
കാണുന്നില്ല...അദ്ദേഹം വന്നിട്ടില്ലെന്നു തോന്നുന്നു.
കൂട്ടംകൂടിയിരിക്കുന്ന ആളുകളിൽ നിന്നൽപ്പം അകന്നുമാറി ഒരിടത്ത് ഇരുപ്പുറപ്പിച്ചു.
ഇളകുന്ന തിരമാലകളിൽ കണ്ണുംനട്ട് പലതുമാലോചിച്ച്....
അൽപ്പം കഴിഞ്ഞപ്പോൾ അറിയാതെ വീണ്ടും മണൽപ്പരപ്പിൽ ഒന്നുകണ്ണോടിച്ചു...അതാ വരുന്നു അദ്ദേഹം.!
ആളോഴിഞ്ഞ ഒരുഭാഗത്തുവന്നിരുന്നു.
പിന്നെ ചുറ്റുപാടും ഒരു വിഹഗവീക്ഷണം നടത്തി.
തന്നെപ്പോലെ.
പെട്ടെന്നാണുകണ്ണുകൾ കൂട്ടിമുട്ടിയത്.
അറിയാതെ മുഖം കുനിഞ്ഞുപോയി.
രണ്ടുനിമിഷങ്ങൾക്കുശേഷം ശിരസുയർത്തി വീണ്ടും അവിടേയ്ക്കുനോക്കിപ്പോയി.
അങ്ങോട്ടുചെന്നാലോ.!
കാര്യങ്ങളറിയാമല്ലോ.
അതാ അദ്ദേഹം തന്റടുത്തേയ്ക്ക് വരുന്നു!

*തുടരും 21 -ാം പേജിൽ*

**കലാധ്വനി മാസിക**

**ജീവിതവിജയത്തിന് ഒരു വഴികാട്ടി**
**വായിക്കുക, വരിക്കാരാകുക**

*വാർഷിക വരിസംഖ്യ 100 രൂപയാണ്.മാസിക എല്ലാ മാസവും 10 -ാം തീയതിക്കകം വരിക്കാർക്ക് തപാൽ വഴി ലഭിക്കുന്നതായിരിക്കും. താൽപര്യമുള്ളവർ 9037259950 എന്ന നമ്പരിൽ ബന്ധപ്പെടുക.*

Money order of Rs 100/ may be send to Chief editor, Kaladwani masika, Elakamon PO ,Varkala.. 695310 Ph: 90372 59950

By MO

Ac name.. R.Subhash Chandra Kurup,
Ac No: 85941011000402,
IFSC code: BKID0008594
Name of Bank: Bank of India
Branch: Varkala branch, Varkala , 695141

By Bank

By Gpay

By: Google Pay
on Kaladwani Ph.no 9037259950

**You may please visit our**
**Online News Portal**
**സത്യസന്ധമായ വാർത്തകൾക്കും അവലോകനങ്ങൾക്കും**
**kaladwaninews.com**





# ഹംസധ്വനി ദു:ഖ ഗാന്ധാരത്തിൽ

എന്തായിരിക്കാം ഈ മനോഭാവം!
അടുത്ത് വന്ന് അഭിമുഖമായിരുന്ന് ഒരു ചെറുപുഞ്ചിരിയോടെ ആരാഞ്ഞു.
വന്നിട്ടധിക സമയമായോ?
ഇല്ല. ഏതാനും നിമിഷങ്ങൾ.
ആ സമീപനരീതി രമ്യയ്ക്കുനന്നേ ഇഷ്ടപ്പെട്ടു.
അപ്പൊ ഞാൻ വൈകിയില്ല.
വീണ്ടും പുഞ്ചിരി.
രമ്യയും പുഞ്ചിരിച്ചു.
കഴിഞ്ഞദിവസങ്ങളൊക്കെ......
നന്നായിരുന്നു.
അവിടെയോ?
അതെ. നന്നായിരുന്നു.
സംവാദം അവിടെ മുറിഞ്ഞു.
ഏതാനും നിമിഷങ്ങൾ ചക്രവാളപ്പരപ്പിൽ നോക്കിയിരുന്ന ശേഷം രവീന്ദ്രനാചാരി മൂകതയെ മുറിച്ചു.
വിഷയം വീട്ടിൽ അവതരിപ്പിച്ചു.
രമ്യ ഉൽക്കണ്ഠാകുലയായി.
എതിർപ്പൊന്നുമില്ല.
രമ്യയുടെ അന്തരംഗം ശാന്തമായി.
പക്ഷെ സമുദായിക ഭിന്നത..
അതിൽ ഒരൽപ്പം വിഷമം.
നാം എന്തിനതൊക്കെ നോക്കണം ?
കാലാകാലങ്ങളായി ആചരിച്ചുപോരുന്ന സാമുദായിക മര്യാദകൾ.
അവയുടെ ലംഘനവും മനസ്സും തമ്മിൽ പെട്ടെന്നങ്ങോട്ടുപൊരുത്തപ്പെടുന്നില്ല.
അപ്പോൾ ജീവിതമൂല്യങ്ങളേക്കാൾ വലുതാണോ നാം സമൂഹത്തിൽ നിത്യേനകാണുന്നതൊക്കെ..!
നന്മതിന്മകകളൊക്കെ വേർതിരിച്ചറിഞ്ഞു പ്രവർത്തിക്കാൻ കഴിയുന്നില്ലെങ്കിൽ എന്തു പ്രബുദ്ധതയാണുനമുക്കുള്ളത്..!
ഭവതി പറയുന്ന പ്രബുദ്ധതയ്ക്കുതന്നെയാണുമാന്യത കൽപ്പിക്കുന്നത്.
പ്രായോഗികതലങ്ങൾ ഒട്ടധികവും അനുത്തമങ്ങളാണെങ്കിൽ പോലും അവയിൽ ശക്തമായിപ്പതിഞ്ഞു പോയ മനുഷ്യമനസ്സുകളെ പാകപ്പെടുത്തിയെടുക്കാൻ അൽപം സമയം വേണ്ടിവരും.
മനുഷ്യസഹജമായ ആ ബലഹീനതയെ പരിഗണിക്കാതെ ജീവിതമെന്ന ഓട്ടപ്പന്തയത്തിൽ വിജയിക്കാനാണല്ലൊ മനുഷ്യന്റെ പരാക്രമം.
അന്തരംഗാഘാതങ്ങളിൽ നിന്നു സ്വതന്ത്രമായിരിക്കാൻ ശ്രമിക്കൂ.
ഒരിക്കൽ ആ വീട്ടിലേയ്ക്കു വരാം.
അമ്മ, സഹോദരൻ, അദ്ദേഹത്തിന്റെ ഭാര്യ, ഇവരെയൊക്കെക്കണ്ടു കാര്യങ്ങൾ ചർച്ച ചെയ്യാം.
എന്നിട്ടു തീരുമാനിക്കാം. പോരേ.!
ഞാൻ എന്തെങ്കിലും അവിവേകം....
ഹേയ്, അങ്ങനൊന്നുമില്ല.
അപ്പോൾ ഈ പറഞ്ഞസന്ദർശനം എന്നത്തേയ്ക്കുണ്ടാവും.? രമ്യയുടെ ചുണ്ടുകളിൽ ഒരു മൃദുസ്മിതം.
മധ്യവേനലവധിയ്ക്കായിക്കളയാം.
പോരേ.!
ധാരാളം.
രമ്യയുടെ അന്തരംഗങ്ങളിൽ ഒരായിരം അരളിപ്പൂക്കൾ വിരിഞ്ഞു !
ഒരായിരം തിരിയിട്ടുകൊളുത്തിയ നിലവിളക്കുകൾ വെട്ടിത്തിളങ്ങി !
പിന്നെ വീട്ടുവിശേഷങ്ങൾ, ഏട്ടന്റെ പ്രവർത്തനരംഗങ്ങൾ ....
ഒക്കെ നന്നായിപ്പോകുന്നു.
പിന്നെ അവിടെ ഗൃഹാന്തരീക്ഷം....
ശാന്തം. സ്വസ്ഥം.

ചേച്ചിയാണല്ലോ ആയിരിക്കുന്നത്.
കൂടെയൊരുയുവാവുമുണ്ടല്ലോ !
ആ യുവാവുമായി ചേച്ചിയ്ക്കുവല്ല ബന്ധങ്ങളുമുണ്ടായിരിക്കാം അല്ലെങ്കിൽ ഇങ്ങനെ വന്നിരിക്കില്ലല്ലോ.
അശ്വിനി അവിടേയ്ക്കുനടന്നു.
അവരുടെ മുൻപിൽ ചെന്നുപെടുന്നതു ശരിയാണോ !
അനൗചിത്യമല്ലേ !
അവരുടെ ഈ സംഗമത്തിനുവല്ല ഉദ്ദേശ്യവുമുണ്ടോ !
ചെന്നുകാണാതിരുന്നാൽ എങ്ങിനെറിയും.
അറിഞ്ഞിട്ടുതനിക്കെന്തുവേണം?
അവരുടെയിഷ്ടം..
ഔചിത്യബോധമുണ്ടായെങ്കിലും ഒടുവിൽ ജിജ്ഞാസ അശ്വിനിയെ അവിടേയ്ക്കുനയിക്കുകതന്നെ ചെയ്തു.
ചേച്ചി ഇവിടേയ്ക്കായിരുന്നു. അല്ലേ !
ഓ! അശ്വിനി..
ഉള്ളിലുണ്ടായ നേരിയപരുങ്ങൽ പുറത്തുകാട്ടാതെ രമ്യ ചോദിച്ചു.
അശ്വിനി എപ്പോഴാണിങ്ങോട്ടുപോന്നത്?
ഏകദേശം നാലരകഴിഞ്ഞുകാണും.
അശ്വിനിയ്ക്കും കടൽത്തീര സന്ദർശനമാണോ ഇഷ്ടം!
അങ്ങനൊന്നുമില്ല. ഇപ്പോ ഇങ്ങോട്ടുപോന്നു.

*തുടരും....*

അവലോകനം

# കർഷകസമരം

## കർഷകസമരമെന്നല്ല ;

## ഇതിനെ വിളിക്കേണ്ടത് ...

## രാജ്യവിരുദ്ധസമരമാണിത്



*രാജ്യവിരുദ്ധർ*

**Chappathi & massaging & washing machine**

*ദില്ലി : കർഷകരെന്ന വ്യാജേന കുറെ രാജ്യവിരുദ്ധർക്ക് ചെല്ലും ചെലവും കൊടുത്ത് നടത്തുന്ന ഒരു സമരമാണ് കുറെ ദിവസങ്ങളായി ഡൽഹി അതിർത്തിയിൽ നടന്നു വരുന്നത്.സി.എ.എ സമരം പൊളിഞ്ഞപ്പോൾ രാജ്യത്തിനകത്തെ രാജ്യവിരുദ്ധർക്ക് മറ്റൊരെല്ലിൻ കഷ്ണം കിട്ടിയതാണ്,കടിച്ചുപിടിച്ചുക്കൊണ്ട് ഡൽഹിയിൽ കാണിക്കുന്ന പ്രഹസനങ്ങളെന്നത് ജനങ്ങൾ ഇപ്പോൾ തിരിച്ചറിയിന്നുണ്ട്.ഇതിൽ സ്വതന്ത്ര ഖാലിസ്ഥാൻ വാദക്കാരും,370 പിൻവലിക്കണമെന്ന് ആവശ്യപ്പെടുന്നവരും,മറ്റ് കേസുകളിൽ യു.എ.പി.എ ചുമത്തി ജയിലിൽ കിടക്കുന്നവരെ വിട്ടയക്കണമെന്നും മറ്റുമുള്ള ആവശ്യം ഈ കർഷക സമരക്കാർ ആവശ്യപ്പെടുന്നതെന്തിന്?അപ്പോൾ ഈ സമരത്തിന്റെ ഗൂഢോദ്ദേശമാണ് മനസിലാക്കേണ്ടത്.കേരളം വടക്കോട്ട് മാത്രം നോക്കിയിരിക്കുന്നതിനാൽ ഈ സമരത്തിന്റെ ദൂഷ്യവശങ്ങളൊന്നും അവർ കണ്ടെന്നുവരില്ല.*

## നല്ലശീലങ്ങൾ

# പുഴകൾ നമ്മുടെ ജീവൻ



ഒരു ദിവസം ഉണ്ണിക്കുട്ടന് അച്ഛൻ ഐസ്ക്രീം വാങ്ങിക്കൊടുത്തു.അത് കഴിച്ചശേഷം ഉണ്ണിക്കുട്ടൻ അതിന്റെ വെയിസ്റ്റ് കവർ പുഴയിലേയ്ക്ക് ഇടാൻ തുടങ്ങി.അപ്പോൾ അച്ഛൻ പറഞ്ഞു മോനേ അത് പുഴയിൽ ഇടരുത്.പുഴകൾ നമ്മുടെ ജീവനാണ്. പുഴയില്ലെങ്കിൽ നമ്മളില്ല. അത് കേട്ടപ്പോൾ ഉണ്ണിക്കുട്ടന് ചെറിയൊരു ബോധമുണ്ടായി.ഉണ്ണിക്കുട്ടൻ പിന്നീടങ്ങിനെ ചെയ്തില്ല.അച്ഛൻ പറഞ്ഞു തന്ന നല്ലശീലങ്ങൾ അവൻ കൂട്ടുകാരെയും പഠിപ്പിച്ചു.അങ്ങനെ അവരും നല്ല ശീലങ്ങൾക്കുടമയായി.അവർ എല്ലാവരെയും നല്ല ശീലങ്ങൾ പഠിപ്പിച്ചുകൊണ്ടേയിരുന്നു.

**ഉണ്ണിക്കുട്ടൻ പറഞ്ഞു തന്ന**
**നല്ല ശീലങ്ങൾ എന്തൊക്കെയാണ്?**

1. *പുഴയിലേയ്ക്ക് മാലിന്യങ്ങൾ വലിച്ചെറിയരുത്.*
2. *പുഴയിൽ നിന്ന് മണൽ വാരരുത്.*
3. *കുന്നുകൾ ഇടിക്കരുത്.*
4. *പരിസര ശുചീകരണത്തിന് പ്രാധാന്യം നൽകണം.*
5. *വയലുകൾ നികത്തരുത്.*
6. *വയലിൽ നിന്നും മണൽ വാരരുത്.*


**ഗീതം മാർജിൻ ഫ്രീ കമ്പിക്കട**

**മഞ്ചാടിമൂട്; വെഞ്ഞാറമൂട്; കിളിമാനൂർ; കടയ്ക്കൽ: 9847743750**

**ഞങ്ങളുടെ പ്രത്യേകത.....**
**ഞങ്ങളുടെ ഒരു സ്ഥാപനത്തിലുംകയറ്റു കൂലി ഉണ്ടായിരിക്കുന്നതല്ല**

# മഹത്‌വചനങ്ങൾ




മഹാത്മാഗാന്ധി

ഭാരതത്തിലെ ഏതു ഗ്രാമത്തിലും ഏതു നഗരത്തിലും ഏതു സ്ത്രീക്കും ഏതു സമയത്തും സ്വതന്ത്രമായും നിർഭയമായും സഞ്ചരിക്കാൻ കഴിയുമ്പോഴേ രാഷ്ട്രം യഥാർഥത്തിൽ സ്വതന്ത്രമാവൂ...

ഇന്നലകളെ നമുക്ക് തിരിച്ചുപിടിക്കാനാവില്ല. എന്നാൽ നാളെ നമ്മുടേതാണ്.ജയിക്കാനായാലും തോൽക്കാനായാലും.:ലിൻഡൻ ജോൺസൺ (യു.എസ്.മുൻ പ്രസിഡന്റ് )



ലിൻഡൻ ജോൺസൺ



കുഞ്ഞുണ്ണി മാഷ്

എത്രമേലകലാം... ഇനിയടുക്കാനിടമില്ലെന്നതുവരെ,എത്രമേലടുക്കാം... ഇനിയകലാനിടയില്ലെന്നതുവരെ ....

എല്ലാം മുൻകൂട്ടി നിശ്ചയിക്കരുത്. ജീവിതത്തിന് നിങ്ങളെ ഒരല്പം അത്ഭുതപ്പെടുത്താനവസരം നല്കണം.




ജൂലിയ ആൽവെരസ്



എപ്പോഴും വിജയി ആവുന്നതിലല്ല കാര്യം, മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിലാണ് ...

ജീവിതം സൈക്കിളോടിക്കുന്നതുപോലെയാണ്. ചവിട്ടാതിരുന്നാൽ ബാലൻസ് തെറ്റും.

ആൽബർട്ട് ഐൻസ്റ്റീൻ



ചെയ്ത് തീർക്കുമ്പോഴാണ് ഒന്നും അസംഭവ്യമല്ലെന്ന സത്യം മനസിലാവുക.
നെൽസൺ മണ്ടേല



സ്വപ്നങ്ങൾ എന്റെ ജീവിതത്തെ വ്യാഖ്യാനിക്കുന്നത് ഞാൻ കാത്തിരിക്കാറില്ല. പകരം സ്വപ്നങ്ങളെ ജീവിതം കൊണ്ട് വ്യാഖ്യാനിക്കുകയാണ് ചെയ്യാറ്.


സൂസൻ സൊൻടാങ്



നമുക്ക് എല്ലാവരെയും സഹായിക്കാനാകില്ല. പക്ഷേ,എല്ലാവർക്കും ആരെയെങ്കിലുമൊക്കെ സഹായിക്കാനാകും

ജോൺ ലെനൻ

ഒരു മഹനീയനിമിഷം നിങ്ങളുടെ ജീവിതത്തിന്റെ വാതിലിൽ മുട്ടുന്ന ഒച്ച നിങ്ങളുടെ ഹൃദയതാളത്തിന്റേതിനേക്കാൾ വലുതായിരിക്കില്ല നിങ്ങൾ അതു കേൾക്കാതെ പോകാനുള്ള സാധ്യത ഏറെയാണ്



ബോറിസ് പാസ്ററർനാക്



വായന ഒരു ശീലമാക്കിയാൽ അത് നിങ്ങളെ ജീവിതത്തിലെ എല്ലാ ദു:ഖങ്ങളിൽ നിന്നും മോചിപ്പിക്കും.

സോമർസെറ്റ് മോം

## ഏവർക്കും
## കലാധ്വനി മാസിക
## & കലാധ്വനി ന്യൂസിന്റെ നവവത്സരാശംസകൾ

# കലാധ്വനിയിൽ വനിതകൾക്കായി ഹ്രസ്വകാല തൊഴിലധിഷ്ടിത ജേർണലിസം കോഴ്സ് ആരംഭിക്കുന്നു

**കലാധ്വനിയിൽ വനിതകൾക്കായി ഹ്രസ്വകാല**
**തൊഴിലധിഷ്ടിത ജേർണലിസം കോഴ്സ് ആരംഭിക്കുന്നു.**

**Course Duration.............Two months, At Varkala**

**One month regular class & one month field training .Course fee..5000/-**

ട്രെയിനിംഗിന് ശേഷം കലാധ്വനി മാസികയിലും
കലാധ്വനി ന്യൂസ് ഓൺലൈൻ പത്രത്തിലും
കലാധ്വനി ന്യൂസ് youtube channel ..ന്റെ ഭാഗമായും
പ്രവർത്തിക്കേണ്ടതാണ്.

മിനിമം യോഗ്യത ..... പ്ലസ്ടു,ഡിഗ്രി(freshers only) age limit ..25 yrs
അപേക്ഷകൾ പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം ജനുവരി 10 ന് മുമ്പായി ട്രെയിനിംഗ് കോഡിനേറ്റർ editorkaladwani@gmail.com എന്ന ജി മെയിലിൽ അയക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 9037259950 നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

മാധ്യമസ്ഥാപനമെന്ന നിലയിൽ ഓഫീസ് ജോലിമാത്രമല്ല, പ്രധാനമായി പുറത്തും പോകേണ്ടിവരുന്നതിനാൽ ഈ രംഗത്ത് താൽപര്യമുള്ളവർ മാത്രം അപേക്ഷിക്കുക. ജേർണലിസം, കമ്പ്യൂട്ടർ,ന്യൂസ് റീഡിംങ്, ഇന്റർവ്യു, കണ്ടെന്റ് റൈറ്റിംഗ്,സോഷ്യൽ മീഡിയ, ഇന്റർനെറ്റ്, വെബ്സൈറ്റ് എന്നീ വിഷയങ്ങളിലായിരിക്കും ട്രെയിനിംഗ് നൽകുന്നത്.

ട്രെയിനിംഗ് കോഡിനേറ്റർ
കലാധ്വനി മാസിക & കലാധ്വനി ന്യൂസ്

അവലോകനം

# മറഡോണയെന്ന മഹാവിസ്മയം










**പ**ന്തിനെ ജീവിതമാക്കിയ,ജീവിതം പന്താടിയ മറഡോണയെന്ന കാൽപ്പന്ത് കലാകാരനെ നാം സ്നേഹിച്ചത്, ജീവിതത്തിന്റെയും ഫുട്ബോളിന്റെയും ആകസ്മികതകൾ അയാളിൽ അത്രയേറെ വിളങ്ങി ചേർന്നതുകൊണ്ടാവാം. തന്റെ ജീവിതം ലോകത്തിനുമുന്നിൽ തുറന്നു പറഞ്ഞവൻ,ഒന്നും മറച്ചുവെച്ചില്ല. മനസ്സിൽ തിളച്ചതെല്ലാം വിളിച്ചുപറഞ്ഞു.പലതും പതിരായിരുന്നു. എന്നാൽ കളിക്കളത്തിൽ അദ്ദേഹം കാഴ്ച്ചവെച്ചത് അത്ഭുതങ്ങളായിരുന്നു.അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ജീവിതം ഒരിക്കലും അനുകരിക്കാൻ പറ്റുന്നതല്ല. മറിച്ച് അളവില്ലാതെ ആരാധിക്കാനുള്ളതാണ്.നേട്ടങ്ങൾ പറയുകയാണെങ്കിൽ ഒരുപാടുണ്ട്. ഒന്നുമല്ലാതിരുന്ന അർജന്റീന ഫുട്ബോൾ ടീമിന് ലോകകപ്പ് നേടി കൊടുത്ത ടോട്ടർ ഫുട്ബോളർ..! ആരുമല്ലാത്ത ഒരു ഇറ്റാലിയൻ ക്ലബ്ബിനെ, നാപ്പോളിയെ വിജയത്തിന്റെ ഉന്നതിയിൽ എത്തിച്ച മഹാ അത്ഭുതമായിരുന്നു മറഡോണ എന്ന വിസ്മയം. 1986 മുതൽ കേരളത്തിന്റെ ആവേശമായിരുന്നു മറഡോണ. കാരണം പത്രങ്ങളിൽ മാത്രം വായിച്ചു പരിചയമുള്ള ഫുട്ബോൾ കാഴ്ചയുടെ അത്ഭുതങ്ങളിലേക്ക് വഴിമാറിയ സമയമായിരുന്നു അത്. അന്നാണ് നമ്പർ പത്തിൽ അദ്ദേഹം അവതരിക്കുന്നത്. കേവലം അഞ്ചടി അഞ്ചിഞ്ചുകാരനായ ഒരു കളിക്കാരന്റെ പന്തടക്കവും കുതിപ്പും വെട്ടിച്ചൊഴിയൽ വൈദഗ്ധ്യവും കാണികളെ അമ്പരപ്പിച്ചു. അന്നവർ കണ്ടിരുന്ന ഫുട്ബോൾ ഇതിഹാസമായിരുന്നു മറഡോണയെന്ന കളിക്കാരൻ. ഫുട്ബോൾ എന്നത് മറഡോണയ്ക്കു വെറുമൊരു കളിയായിരുന്നില്ല. മറിച്ച് ഹൃദയം തന്നെയായിരുന്നു. അതാണയാൾ നമുക്ക് നേരെ നീട്ടിയത്. എന്നാൽ ഇന്ന് ആ ഹൃദയം നിലച്ചു പോയിരിക്കുന്നു.

**Anagha Babu:**

# എന്തുകൊണ്ട് അക്ഷയ ?
# പൊതുജനശ്രദ്ധക്ക്

***പൊ**തുജനങ്ങൾക്ക് ഇ-ഗവേണൻസ് സേവനങ്ങൾ കൃത്യമായും കാര്യക്ഷമമായും നൽകുക എന്ന ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുന്ന സർക്കാർ പദ്ധതിയാണ് അക്ഷയ.കൃത്യമായ മാനദണ്ഡങ്ങളോടെ പത്രപരസ്യം വഴി ലഭിച്ച അറിയിപ്പിനെ തുടർന്ന് യോഗ്യതാ പരീക്ഷയും തുടർന്ന് ഇന്റർവ്യൂം നടത്തിയാണ് ഓരോ സംരംഭകനും അക്ഷയ അനുവദിച്ചിട്ടുള്ളത്.2003-ൽ ആരംഭിച്ച ഈ പദ്ധതിയ്ക്ക് 17 വർഷത്തെ സേവന പാരമ്പര്യമുണ്ട്.ഒരു ഐ.എ.എസ് ഓഫീസർ ഡയറക്ടറായും അതത് ജില്ലാ കളക്ടർമാർ ചെയർമാനായും ഉള്ള ഇ-ഗവേണ ൻസ് ബോഡിയാണ് അക്ഷയ നിയന്ത്രിക്കുന്നത് അതുകൊണ്ട് തന്നെ ഓരോ അക്ഷയാ സെന്ററുകൾക്ക് മേലിലും ശക്തമായ നിയന്ത്രണം സർക്കാരിനുണ്ട്.സർക്കാർ നിയന്ത്രിത സംവിധാനം ആയതിനാൽ നിങ്ങൾ സേവനങ്ങൾക്കായി നൽകുന്ന യാതൊരു ഡോക്കുമെന്റുകളും അക്ഷയ സെന്ററുകൾ ദുരു പയോഗം ചെയ്യുന്നില്ല. ഓരോ ഡിപ്പാർട്ടുമെന്റുകളുടേയും ഓൺലൈൻ പോർട്ടലുകളും സേവനങ്ങളും നിലവിൽ വരുമ്പോൾ അക്ഷയാ സെന്ററുകൾക്ക് കൃത്യ മായ ട്രെയിനിംങ് ആദ്യഘട്ടത്തിൽ തന്നെ ലഭിക്കുന്നു. ഇ-ഡിസ്ട്രിക്, റേഷൻ കാർഡ്, ആധാർ,ചിയാക്, ബാങ്കിംങ് തുടങ്ങിയ സേവനങ്ങൾ പൊതുജനങ്ങൾക്ക് ചെയ്ത് നൽകാനുള്ള അധികാരം അക്ഷയ സെന്ററുകൾക്ക് മാത്രമാണ്.ജില്ലാ കളക്ടറുടെ അദാലത്ത് ഉൾപ്പെടെയുള്ള സേവനങ്ങൾ ഓൺലൈനായി നൽകുന്ന ഔദ്യോഗിക ഏജൻസികൂടിയാണ് ഇന്ന് അക്ഷയ.*

*വസ്തുത ഇതൊക്കെയാണന്നിരിക്കെ ജനസേവനകേന്ദ്രങ്ങൾ,ഓൺലൈൻ കേന്ദ്രങ്ങൾ തുടങ്ങിയ പേരുകളിൽ നാട്ടിൽ കൂണു പോലെ മുളച്ചുപൊങ്ങുന്ന വ്യാജ കേന്ദ്രങ്ങൾ ജനങ്ങൾക്ക് ഭീഷണിയാവുകയാണ്.നിയമങ്ങൾ കാറ്റിൽപറത്തി സർക്കാർ പോർട്ടലുകളും ജനങ്ങളുടെ ഡോക്കുമെന്റുകളും ദുരുപയോഗം ചെയ്യുകയും അപേക്ഷകൾ തെറ്റായി നൽകുകയും ചെയ്യുന്നു.പലരും വൻതുകകൾ പോലും നൽകിയാണ് വ്യാജ കേന്ദ്രങ്ങളുടെ ഫ്രാഞ്ചൈസികൾ എടുക്കു ന്നതും. **27/06/2018 തീയതിലെ 177/2018/വി.സാ.വ നമ്പർ സർക്കാർ ഉത്തരവിൻ പ്രകാ രം അക്ഷയക്ക് സമാനമായി ജനസേവന കേന്ദ്രങ്ങൾ എന്ന പേരിൽ ആരംഭിക്കുന്ന ഓൺലൈൻ സെന്ററുകൾ അനധികൃതമായാണ് പ്രവർത്തി ക്കുന്നത്.***

*ഇക്കാരണങ്ങൾ കൊണ്ടുതന്നെ നിങ്ങളുടെ ഓൺലൈൻ സേവനങ്ങൾക്കും സംശയ ദൂരീകരണത്തിനും അക്ഷയ കേന്ദ്രങ്ങളെ മാത്രം ആശ്രയിക്കുക.അതോടൊപ്പം തന്നെ നിങ്ങൾ സമീപിക്കുന്നത് അക്ഷയ തന്നെയാണോ എന്ന് ഉറപ്പുവരുത്തുന്നതിന് **അക്ഷയയുടെ ലോഗോ**, കേന്ദ്രത്തിലുണ്ട്എന്ന്ഉറപ്പാക്കുക.*

***സംസ്ഥാന സർക്കാരിന്റെ ഇ -ഗവേണൻസ് അവാർഡ് നേടിയ മികച്ച അക്ഷയ കേന്ദ്രം***

***അക്ഷയ ഇ – കേന്ദ്രം***

***പ്രസന്ന കോംപ്ളക്സ് കല്ലമ്പലം***

***ഫോൺ–9946067047***

***ഇ–മെയിൽ akshayatvm220@gmail.com***

# പുതിയ പാർലമെന്റ് മന്ദിരം: സ്വയം പര്യാപ്ത ഭാരതത്തിന്റെ പുതിയ പ്രതീകം

*ന്യൂസ് ഡസ്ക് കലാധ്വനി*



*ദില്ലി: ഡിസംബർ 10 ; സ്വയം പര്യാപ്ത ഭാരതത്തിന്റെ പ്രതീകമായ പുതിയ പാർലമെന്റ് മന്ദിരത്തിന്റെ ശിലാസ്ഥാപനം നടന്ന ചരിത്രദിനമാണിന്ന് . ഇന്ത്യയ്ക്കായി ഇന്ത്യക്കാർ നിർമ്മിക്കുന്ന ചരിത്ര മന്ദിരം, ശിലാസ്ഥാപന കർമ്മം പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് നടത്തിയത്. ശൃംഗേരി മഠത്തിലെ പുരോഹിതന്മാരുടെ നേതൃത്വത്തിൽ നടന്ന ഭൂമിപൂജയുടെയും സർവ്വമത പ്രാർത്ഥനയുടെയും അനുഗ്രഹാശിസുകളുടെ നിറവിലാണ് ശിലാസ്ഥാപന കർമ്മം മോദി നിർവഹിച്ചത്.സ്വാതന്ത്ര്യത്തിന്റെ 75 ാം വാർഷികത്തിൽ ത്രികോണാകൃതിയിലുള്ള പുതിയ പാർലമെന്റ് സമുച്ചയം നാടിന് സമർപ്പിക്കും. ബ്രിട്ടീഷ് ഭരണകാലത്ത് നിർമ്മിച്ച പാർലമെന്റ് മന്ദിരത്തിൽ നിന്ന്,പുതിയ ഇന്ത്യയുടെ സാംസ്കാരിക വൈവിധ്യം വിളിച്ചോതുന്ന മന്ദിരത്തിലേക്കാണ് നമ്മൾ കടക്കുന്നത്. ലോകത്തിന് ഇന്ത്യ നൽകുന്ന സർവ്വമേഖകളിലെയും സ്വയം പര്യാപ്തതയുടെ വിളംബരം കൂടിയാകും പാർലമെന്റിന്റെ പുതിയ മന്ദിരം.ന്യൂഡൽഹിയിൽ ഇന്ത്യാ ഗേറ്റ് മുതൽ രാഷ്ട്രപതി ഭവൻവരെയുള്ള മൂന്നുകിലോമീറ്റർ ദൂരപരിധിയിലാണ് സെൻട്രൽ വിസ്റ്റ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്.*




**A view of Parliament house and Central Vista: Photo Courtesy to .. thehindu.com**



# സൗജന്യ പബ്ലിക് വൈ..ഫൈ ശൃംഖല:

## പി. എം. വാണി രാജ്യവ്യാപകമായി പ്രഖ്യാപിച്ച് കേന്ദ്രം




**ദി**ല്ലി: രാജ്യവ്യാപകമായി പബ്ലിക് വൈ-ഫൈ നെറ്റ് വർക്കുകൾ സ്ഥാപിക്കാൻ കേന്ദ്രമന്ത്രിസഭാ തീരുമാനം.ലൈസൻസോ,പ്രത്യേക ഫീസോ ഈടാക്കാതെ നെറ്റു വർക്കുകൾ ആരംഭിക്കാനാണ് അനുമതി.പി.എം.വാണി എന്ന പേരിൽ പബ്ലിക് ഡാറ്റാ ഓഫീസുകൾ വഴി വൈ ഫൈ സേവനം ലഭ്യമാക്കാകുന്ന കേന്ദ്ര സർക്കാർ പദ്ധതിയാണിത്.പബ്ലിക് വൈ - ഫൈ ആക്സസ് നെറ്റ്വർക്ക് ഇന്റർഫേയ്സ് എന്നതാണ് പി.എം വാണിയുടെ പൂർണ്ണരൂപം. രാജ്യത്ത് പബ്ലിക് വൈ - ഫൈ നെറ്റ്വർക്കുകളുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

# കേരളക്കരയ്ക്ക് മോദിസർക്കാറിന്റെ പുതുവത്സര സമ്മാനം

## ഡബിൾഡക്കർ ട്രെയിൻ



**തി**രുവനന്തപുരം: പുതുവർഷത്തിൽ കേരളത്തിലേക്ക് ഷൊർണ്ണൂർ വേണാട് എക്സ്പ്രസ് ട്രയിൻ എത്തുന്നു. 120 പേർക്ക് ഇരിക്കാവുന്നതാണ് ഡബിൾ ഡെക്കർ കോച്ച്. മുകളിലത്തെ ഡെക്കിൽ 50, താഴത്തെ ഡെക്കിൽ 48, ബാക്കി എണ്ണം സീറ്റുകൾ ഇരുവശങ്ങളിലും സജ്ജീകരിച്ചിരിക്കുന്നു. മൊബൈൽ ചാർജിംഗ് സംവിധാനം, എൽ.ഇ.ഡി ഡിസ്പ്ലേ, സി.സി.ടി.വി തുടങ്ങിയ സംവിധാനങ്ങളുള്ള കോച്ചിന് മണിക്കൂറിൽ 160 കിലോമീറ്റർ വേഗതയിൽ പായാനാകും. മെയ്ക്ക് ഇൻ ഇന്ത്യ പദ്ധതി പ്രകാരം ഡിസൈൻ ചെയ്തവയാണ് കോച്ചുകൾ.

കലാധ്വനി ന്യൂസ്

കലാധ്വനി. ഫേസ്ബുക്കിൽ കുട്ടികൾക്കായി **GK Education Page** ആരംഭിച്ചിരിക്കുന്നു

# കുട്ടികൾക്കുണ്ടാകുന്ന കാൽ വേദന

**Dr (Major) Nalini Janardhanan, Ex. AMC, MBBS, DCE, FUWA, DFM (RCGP-UK)**



**Family Medicine specialist (Gold medalist)**

**Akashawani & Dooradarshan Artist, Single : Gazals, Bhajans & Film Songs**

## Award Winner of...


**Panampally Gold Medal Academic Award, Best women story writer Award, IMA Award, Padmasree Sukumari Kalaprabha Award for best singer, Smile Plus Global Award for best doctor, Vanitha Ratnam Award, Kerala to Kashmir Social foundation Award.**

**ഹോ**സ്പിറ്റലിലെ ഒ.പി. വിഭാഗത്തിൽ തിരക്കേറിയ ഒരു ദിവസം. വേദനയും രോഗങ്ങളും സംശയങ്ങളും മാനസികപ്രശ്നങ്ങളുമായി ഡോക്ടറുടെ അടുത്തെത്തുന്ന രോഗികൾ.....അവരിൽ അധികം പേർക്കും മരുന്നിനെക്കാളേറെ വേണ്ടത്,അവർ പറയുന്നത് ക്ഷമയോടെ കേൾക്കുകയും അവരോട് സ്നേഹപൂർവ്വം സംസാരിച്ചുകൊണ്ട് സാന്ത്വനം നൽകുകയും ചെയ്യുന്ന ഒരു ഡോക്ടറെയാണ് എന്നെനിക്കറിയാം.രോഗികൾക്ക് ഞാനെപ്പോഴും ഒരു നല്ല സുഹൃത്തും മാർഗ്ഗദർശിയും ഉപദേശം നൽകുന്ന വ്യക്തിയുമെല്ലാമായിരുന്നതിനാൽ രോഗികൾക്കും അവരുടെ ബന്ധുക്കൾക്കും ഞാനൊരു പ്രിയപ്പെട്ട ഡോക്ടറായിത്തീർന്നു.

"ഡോക്ടറെ, എന്റെ മോന് അഞ്ചു വയസ്സായി, ആരോഗ്യക്കുറവൊന്നുമില്ല.പകലാണെങ്കിൽ നന്നായി ഓടിച്ചാടിക്കളിക്കും.സ്കൂളിൽ പോകും.പഠിക്കാനും മിടുക്കൻ തന്നെ. ഭക്ഷണവും വേണ്ടത്ര കഴിക്കുന്നുണ്ട്. പക്ഷേ എന്താണെന്നറിയില്ല ഡോക്ടറെ, ഇവന് രാത്രിയിൽ ഇടക്കിടെ കാൽവേദന വരുന്നുണ്ട്.".... ഒരു അമ്മ തന്റെ മകനെക്കുറിച്ച് എന്നോട് പറയുകയായിരുന്നു.

"ചിലപ്പോൾ പെട്ടെന്ന് ഉറക്കത്തിൽ എഴുന്നേറ്റിരുന്ന് കാലുകഴയ്ക്കുന്നു എന്നു പറഞ്ഞു കരയും. കാൽ തടവിക്കൊടുത്താൽ വേദന മാറുന്നുണ്ട്. എനിക്കതു കാണുമ്പോൾ വല്ലാതെ സങ്കടം തോന്നും.ചെറിയ കുഞ്ഞല്ലേ ഡോക്ടർ...? ഇത് എന്തെങ്കിലും രോഗമാണോ? എന്താണതിനു കാരണം ഡോക്ടർ....? വേവലാതിയോടെ ആ അമ്മ എന്നോട് ചോദിച്ചു.

കുട്ടിയെ വിശദമായി പരിശോധിപ്പോൾ കാര്യമായ പ്രശ്നമൊന്നുമില്ലെന്നു മനസ്സിലായി. കുട്ടികളിൽ സാധാരണ ഉണ്ടാവാറുള്ള ഒരു തരം കാൽവേദനയായിരുന്നു അത്. കുട്ടിയുടെ അമ്മയ്ക്ക് ഞാൻ ഇതിനേക്കുറിച്ച് വ്യക്തമായി പറഞ്ഞു മനസ്സിലാക്കുകയും കുട്ടിയ്ക്ക് കഴിക്കാൻ വിറ്റാമിനുകൾ അടങ്ങിയ ഒരു ടോണിക് മാത്രം കുറിച്ചുകൊടുക്കുകയും ചെയ്തു. 'ഗ്രോയിംഗ് പെയിൻ' എന്ന് വൈദ്യ ശാസ്ത്രത്തിൽ ഞങ്ങൾ പഠിക്കുന്ന ഇത്തരം വേദനയെക്കുറിച്ച് നമുക്ക് കൂടുതലായി അറിയാൻ ശ്രമിക്കാം.




വളരെ ചുറുചുക്കോടെ ഓടിക്കളിച്ചു നടക്കുന്ന കുട്ടികൾക്ക് ചിലപ്പോൾ രാത്രിയിൽ കാലുകളിലെ മാംസപേശികളിൽ വേദനയുണ്ടായുന്നത് സാധാരണയാണ്.കാൽതടവിക്കഴിഞ്ഞാൽ വേദന ക്രമേണ മാറുന്നതും

ഫോക്കസ്

# കുട്ടികൾക്കുണ്ടാകുന്ന കാൽ വേദന





കാണാം. ഗ്രോയിങ്ങ് പെയിൻ എന്നു വിളിക്കപ്പെടുന്ന ഈ വേദന ഒരു രോഗമല്ല.

പൊതുവേ 3 മുതൽ 5 വയസ്സുവരെയുള്ള കുട്ടികൾക്കും 8 മുതൽ12 വയസ്സുവരെയുള്ള കുട്ടികൾക്കുമാണ് ഇത്തരം വേദന കൂടുതലായി കാണപ്പെടുന്നത്. ഇതിന്റെ യഥാർത്ഥ കാരണം കണ്ടു പിടിച്ചിട്ടില്ല. ഗ്രോയിങ്ങ് പെയിൻ എന്നു പറയുമെങ്കിലും വളർച്ചയുമായി ഇതിന് കാര്യമായ ബന്ധമൊന്നുമില്ല. ഈ വേദന കാലിലെ മാംസപേശികളെ മാത്രം ബാധിക്കുന്നതാണ്.സന്ധികളിലോ അസ്ഥികളിലോ വേദന ഉണ്ടാവുന്നില്ല.ആൺകുട്ടികളേക്കാൾ പെൺകുട്ടികൾക്കാണ് ഇത് കൂടുതൽ ഉണ്ടാവുന്നത്. ഓടിച്ചാടിക്കളിക്കുമ്പോൾ കാലുകളിലെ മാംസപേശികൾ കൂടുതൽ പ്രവർത്തിക്കുന്നതുകൊണ്ടാണ് ഇത്തരം വേദനയുണ്ടാവുന്നത്.

## ലക്ഷണങ്ങൾ

കാൽവണ്ണയിലോ തുടയിലോ മുട്ടിനു പുറകിലോ വേദനയുണ്ടാവാം. രാത്രിയിലുണ്ടാകുന്ന വേദന രാവിലെ മാറുന്നതും കാണാറുണ്ട്.കുട്ടി ഉറക്കത്തിലുണർന്ന് വേദന കൊണ്ട് കരയാറുമുണ്ട്.കാൽവേദന ചിലപ്പോൾ മാത്രമാണ് ഉണ്ടാവുന്നത്.എല്ലാ ദിവസവും ഇതുണ്ടാവണമെന്നില്ല. വേദനയുടെ തീവ്രത ഓരോ കുട്ടികളിലും വ്യത്യസ്തമായിരിക്കാം.

## ചെയ്യാവുന്ന കാര്യങ്ങൾ

രാത്രിയിൽ പെട്ടെന്ന് കുട്ടിയുടെ കാൽവേദന കണ്ട്, ഉടനെ ആശുപത്രിയിലേക്ക് ഓടേണ്ട ആവശ്യമില്ല.അച്ഛനമ്മമാർക്ക് സ്വയം ചെയ്യാവുന്ന ചില കാര്യങ്ങൾ വിവരിക്കാം:

1) കുട്ടിയെ ആശ്വസിപ്പിക്കുക.
2) കുട്ടിയുടെ കാലിൽ മെല്ലെ തടവിക്കൊടുക്കുക.
3) ഇളം ചൂടുവെള്ളത്തിൽ തുണി മുക്കിപ്പിഴിഞ്ഞ് കാലിൽ പതുക്കെ ചൂടുവെയ്ക്കാം.
4) ഉറങ്ങുന്നതിനു മുമ്പ് കുട്ടിയെ ഇളം ചൂടുവെള്ളത്തിൽ കുളിപ്പിക്കുന്നതും നല്ലതാണ്.
5)വേദന മാറുന്നതുവരെ അച്ഛനോ അമ്മയോ കുട്ടിയോടൊപ്പം ഇരിക്കുക.
6)വേദനയുള്ളപ്പോൾ അമ്മയോ അച്ഛനോ കുട്ടിയുടെ കൂടെ ഉറങ്ങുന്നതും നല്ലതായിരിക്കും.കുട്ടിക്ക് മാനസികമായ സാന്ത്വനവും സമാധാനവും ലഭിക്കാൻ ഇതുപകരിക്കും.
7)വേദന കൂടുന്നുണ്ടെങ്കിൽ പാരസെറ്റമോൾ (Paracetamol) എന്ന ഗുളികയോ മരുന്നോ ഡോക്ടർ പറഞ്ഞ ഡോസ് പ്രകാരം കൊടുക്കാം. പിറ്റേദിവസം തന്നെ ഡോക്ടറെ കാണിക്കുക.

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

കാൽവേദന പല കാരണങ്ങൾ കൊണ്ട് ഉണ്ടാവാം എന്നു മനസിലാക്കേണ്ടതാണ്.ഗ്രോയിങ്ങ് പെയിനാണെന്നു കരുതി നിസ്സാരമായി തള്ളിക്കളയാൻ പാടില്ല. സാധാരണയായി ഗ്രോയിങ്ങ് പെയിൻ ഉണ്ടാവുമ്പോൾ കുട്ടിയുടെ കാലുകളിൽ നീരോ ചുവപ്പുനിറമോ തിണർപ്പോ ഉണ്ടാവാറില്ല.

കുട്ടിക്ക് കാൽവേദന കൂടി വരിക, വേദന കുറേനേരം നീണ്ടു നില്ക്കുക, സന്ധികളിൽ നീരും ചുവപ്പുനിറവും കാണുക, ഉറങ്ങിയെഴുന്നേറ്റാലും വേദന മാറാതിരിക്കുക,പനിയും വിളർച്ചയും ക്ഷീണവും കാണുക എന്നീ ലക്ഷണങ്ങൾ ഉണ്ടാവുകയാണെങ്കിൽ ഉടനെ ഡോക്ടറെ കാണിക്കണം. കുട്ടികൾക്കുണ്ടാവുന്ന വാത രോഗങ്ങളായിരിക്കും അതിനു കാരണം. ചിലതരം വാതരോഗങ്ങൾ (ഉദാ: റുമാറ്റിക് ഫീവർ) സന്ധികൾക്കും പുറമേ ഹൃദയത്തിന്റെ വാൽവുകളെയും ബാധിച്ച് ജീവനുപോലും അപകടമായിത്തീരാനുള്ള സാദ്ധ്യതയുണ്ട്.അതുകൊണ്ട് ഇത്തരം ലക്ഷണങ്ങൾ കാണുകയാണെങ്കിൽ, അഥവാ കുട്ടിയുടെ വേദന ഭേദമാവാതിരിക്കുകയാണെങ്കിൽ തീർച്ചയായും ഡോക്ടറെ കാണിച്ച് പരിശോധനകൾ നടത്തുകയും വിദഗ്ദ്ധ ചികിത്സ തുടങ്ങുകയും ചെയ്യേണ്ടതാണ്...എന്നോർമ്മിക്കുക.

പകൽസമയത്ത് കുട്ടി ഓടുക, ചാടുക, കയറിയിറങ്ങുക, എന്നിങ്ങനെ ശരീരാദ്ധ്വാനമുള്ള കാര്യങ്ങൾ ചെയ്യുന്നുണ്ടെങ്കിൽ രാത്രിയിൽ കാൽവേദന യുണ്ടാവാൻ സാദ്ധ്യത കൂടുതലായിരിക്കും. ഇപ്രകാരം മാംസപേശികളുടെ അമിതമായ ഉപയോഗം വരുന്ന കളികൾ കൊണ്ടും വേദനയുണ്ടാവാം.

ഫോക്കസ്

# കുട്ടികൾക്കുണ്ടാകുന്ന കാൽ വേദന

കുട്ടിയുടെ വേദന രാത്രിയിലുണ്ടാവുകയും രാവിലെ മാറുകയും ചെയ്യുന്നതുകൊണ്ട് കുട്ടി വെറുതെ വേദന അഭിനയിക്കുകയാണോ എന്ന് അച്ഛനമ്മമാർ തെറ്റിദ്ധരിക്കരുത്. ഡോക്ടറുടെ നിർദ്ദേശമില്ലാതെ കുട്ടിക്ക് യാതൊരു വേദനസംഹാരി മരുന്നും അച്ഛനമ്മമാർ നൽകാൻ പാടില്ല എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുക.ആസ്പിരിൻ മരുന്നോ ആ വിഭാഗത്തിൽപ്പെട്ട വേദനാസംഹാരി മരുന്നുകളോ കുട്ടികൾക്കു കൊടുത്താൽ അതിന്റെ ഫലമായി **Reye Syndroma** പോലുള്ള പല സങ്കീർണ്ണതകളും ഉണ്ടാവാനിടയുണ്ട്.

കുട്ടിക്ക് ശരീരത്തിൽ എന്തെങ്കിലും മുറിവോ ചതവോ പറ്റിയശേഷമാണോ (വീഴ്ചയോ അപകടമോ പറ്റിയതുകൊണ്ട്)കാൽവേദന എന്നും ,കാലിൽ എന്തെങ്കിലും പഴുപ്പുണ്ടോ എന്നും കുട്ടി നൊണ്ടിക്കൊണ്ടാണോ നടക്കുന്നത് എന്നുള്ള കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക. ഇത്തരം കാര്യങ്ങൾ കൊണ്ടാണ് കാലുവേദനയെങ്കിൽ ഉടനെ ഡോക്ടറെ കാണിക്കണം.

## രോഗം മനസ്സിലാക്കുന്നതെങ്ങിനെ?

വേദനയുള്ള ഭാഗം തൊടുമ്പോൾ കുട്ടിയുടെ പ്രതികരണം വളരെ പ്രധാനമാണ്. ഗൗരവമുള്ള ഏതെങ്കിലും രോഗമോ മുറിവോ ചതവോ ആണെങ്കിൽ വേദനയുണ്ടാവുമെന്നു പേടിച്ച് കാലുതൊടാൻ കുട്ടി സമ്മതിക്കില്ല. തൊടുമ്പോൾ വേദനയും ഉണ്ടാവും. പക്ഷേ ഗ്രോയിങ്ങ് പെയിനിലാണെങ്കിൽ കുട്ടിയുടെ കാലുതടവുകയോ കുട്ടിയെ എടുത്തു മടിയിലിരുത്തുകയോ ചേർത്തു പിടിക്കുകയോ ചെയ്യുമ്പോൾ വേദന കുറയുന്നതായി കാണാറുണ്ട്.

മറ്റുള്ള ഗൗരവമേറിയ രോഗങ്ങളൊന്നുമില്ലെന്ന് ഉറപ്പുവരുത്താനായി ഡോക്ടർ വ്യക്തമായി രോഗചരിത്രം ചോദിച്ചു മനസ്സിലാക്കുകയും രോഗിയെ വിശദമായി പരിശോധിക്കുകയും ചെയ്യുന്നു. അതിനുപുറമേ ആവശ്യമായ രക്ത പരിശോധനകൾ, എക്സറേ തുടങ്ങിയ പരിശോധനകളും നിർദ്ദേശിക്കുന്നു. ഇവയിലൊന്നും കുഴപ്പമില്ലെങ്കിൽ മാത്രമാണ് ഡോക്ടർ കുട്ടിയുടെ കാൽവേദന ഗ്രോയിങ്ങ് പെയിൻ ആയിരിക്കാമെന്നു നിശ്ചയിക്കുന്നത്.

## ഡോക്ടറെ കാണിക്കേണ്ടതെപ്പോൾ?

ഗ്രോയിങ്ങ് പെയിൻ കൊണ്ടുള്ള കാലുവേദന സാധാരണയായി ഉണ്ടാവുന്നതാണെന്നും അതിൽ ഭയപ്പെടേണ്ട കാര്യമില്ലെന്നും മുമ്പു വിവരിച്ചതുപോലെ അച്ഛനമ്മമാർ ചെയ്യേണ്ട കാര്യങ്ങൾ ശ്രദ്ധിച്ചാൽ കുട്ടിയുടെ വേദന മാറുമെന്നും മനസ്സിലായിരിക്കുമല്ലോ.





പക്ഷേ താഴെപ്പറയുന്ന ചില സാഹചര്യങ്ങളിൽ കാലുവേദനയുള്ള കുട്ടിയെ കഴിയുന്നതും വേഗം ഡോക്ടറെ കാണിക്കേണ്ടത് വളരെ ആവശ്യമാണ്.

1. കഠിനമായ വേദന, തൊടുമ്പോൾ വേദന.
2. മുറിവോ ചതവോ ഉണ്ടായതിനെത്തുടർന്ന് വേദന, ഒരു കാലിൽ മാത്രം വേദന.
3. കാൽവേദനയ്ക്കു പുറമേ കൈകളിലും പുറത്തും വേദന.
4. വേദനയുള്ള ഭാഗത്ത് ചുവപ്പു നിറം, പഴുപ്പ്, തൊടുമ്പോൾ ചൂട് എന്നിവ കാണുക.
5. രാത്രി മാത്രമല്ല പകലും നീണ്ടു നിൽക്കുന്ന വേദന, എല്ലാ ദിവസവും രാത്രിയിൽ വേദന.
6. ചർമ്മത്തിൽ മുഴുവൻ തിണർപ്പോ ചുവന്ന പാടുകളോ കാണുക.
7. സന്ധികളിൽ നീരുവരിക.
8. അതിയായ ക്ഷീണമുണ്ടാവുക.
9. കാൽവേദനയോടൊപ്പം പനിയും ഉണ്ടാവുക.
10.വിശപ്പില്ലായ്മയോ തൂക്കക്കുറവോ ഉണ്ടാവുക.
11.കുട്ടി നടക്കാൻ വിസമ്മതം കാണിക്കുക.
12.പ്രത്യേകിച്ചു കാരണമൊന്നുമില്ലാതെ നൊണ്ടുക.

**മേൽപറഞ്ഞ സാഹചര്യങ്ങളിൽ കാൽവേദനയ്ക്കു കാരണം രോഗങ്ങളോ മുറിവോ ചതവോ ആയിരിക്കാം.അതുകൊണ്ട് ഉടനെ തന്നെ കുട്ടിയെ ഡോക്ടറുടെ അടുത്തേക്കു കൊണ്ടുപോയി വിദഗ്ദ്ധ ചികിത്സ തുടങ്ങുന്നതാണ് നല്ലത് എന്ന കാര്യം ഓർമ്മിക്കുക.**

**കലാധ്വനി. ഫേസ്ബുക്കിൽ കുട്ടികൾക്കായി GK Education Page ആരംഭിച്ചിരിക്കുന്നു**

ഫോക്കസ്

# സത്യം പറയുന്ന നാവുകളെ നിശബ്ദമാക്കുകയണോ..?




## പ്രദീപിന്റെ മരണത്തിൽ ദുരൂഹതയെന്ന് പൊതുസമൂഹം

Kaladwani news

*സത്യം പറയുന്ന നാവുകളെ നിശബ്ദമാക്കുകയാണോ...? നാമറിയേണ്ട പല സത്യങ്ങളും നമ്മിലേക്കെത്തുന്നത് തടയാൻ, ആരൊക്കെയോ, എവിടെക്കൊയോ പാത്തും പതുങ്ങിയും നിന്ന് മൃത്യു താണ്ഡവം നടത്തുകയാണോ..? എങ്കിൽ അതിനർത്ഥം സത്യങ്ങളെ ഞെരിച്ചമർത്താൻ ആരൊക്കെയോ പെടാപ്പാട് പെടുന്നതിന്റെ ലക്ഷണങ്ങളിൽ ഒന്നാണോ, തിരുവന്തപുരം കാരയ്ക്കാമണ്ഡപത്തിന് സമീപം വൈകീട്ട് മൂന്നരയോടെ നാഷണൽ ഹൈവേയിലുണ്ടായ പ്രമുഖ മാധ്യമപ്രവർത്തകനായ എസ്.വി പ്രദീപിന്റെ മരണം എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഒരേ ദിശയിൽ സഞ്ചരിച്ചിരുന്ന ടിപ്പർലോറി ആളൊഴിഞ്ഞ ഭാഗത്ത് വച്ച് പ്രദീപിന്റെ സ്കൂട്ടറിൽ വന്നിടിച്ചാണ് മരണം നടന്നത്.ഇടിച്ച ലോറിയെക്കുറിച്ച് വിവരങ്ങളില്ലായിരുന്നുവെങ്കിലും പിറ്റേ ദിവസം ലോറിയെയും ഡ്രൈവറെയും കസ്റ്റഡിയിൽ എടുത്തിരുന്നു. വെട്ടിക്കൊലപാതകങ്ങളും. വാഹനം കയറ്റി കൊല്ലലും കേരളത്തിൽ യഥേഷ്ടം ഉണ്ടകുന്ന പശ്ചാത്തലത്തിലാണ്, സത്യ സന്ധമായ മാധ്യമ പ്രവർത്തനത്തിന്റെ ഭാഗമായി സർക്കാർ അഴിമതികളെയും മറ്റും പറ്റി കഠിന വിമർശനം ഉയർത്തുന്ന പ്രദീപിന്റെ അപകടമരണത്തെ നോക്കികാണുന്നത്. കേസുകളൊക്കെ പിന്നീട് നടപടിയൊന്നുമില്ലാതെ പോകുന്നവയും. അതിനാൽതന്നെ പ്രതീപിന്റെ മരണം ഒരു കൊലപാതകത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്. ഈ സംശയം പ്രദീപിന്റെ കുടുംബവും പങ്കുവെയ്ക്കുന്നുണ്ട്. പൊതുസമൂഹം അതീവശോഷത്തിലാണ്. അസിസ്റ്റന്റ് കമ്മീഷ്ണർ പ്രതാപൻനായർ അന്വേഷണ ഉദ്യോഗസ്ഥനെന്നത് ആശ്വാസം.കേന്ദ്ര സർക്കാരും പ്രദീപിന്റെ മരണത്തിൽ സത്വരമായ അന്വോഷണം ആവശ്യപ്പെട്ടിരിക്കുകയാണ്.* ■











**Visit our youtube channel..**
**Kaladwani News for all news items**

# വയർ കുറയ്ക്കാൻ എളുപ്പവഴികൾ




കലാധ്വനി ന്യൂസ് ഡസ്ക്






**അ**ഴകൊത്ത വയർ ഏതൊരാളിന്റെയും സ്വപ്നമാണ്.ഇതാ അതിനുള്ള എളുപ്പ വഴികൾ.ദിവസവും ഏഴെട്ടു ഗ്ലാസ് വെള്ളമെങ്കിലും കുടിക്കുക. ഇത് വയറ്റിലെ കൊഴുപ്പ് പുറന്തള്ളാൻ സഹായിക്കും. ശരീരത്തിലെ വിഷാംശം ഇതുവഴി പുറന്തള്ളിപ്പോകുന്നതോടെ അപചയപ്രക്രിയ ശരിയായി നടക്കും.

ഉപ്പു കുറയ്ക്കുക, ഉപ്പ് ശരീരത്തിൽ വെള്ളം കെട്ടിനിർത്തും.വയറ്റിലെ കൊഴുപ്പ് കൂടുകയും ചെയ്യും.മധുരത്തിന് പകരം തേനുപയോഗിക്കാം. മധുരം അടിവയറ്റിലെ കൊഴുപ്പും തടിയും കൂടാൻ സഹായിക്കുന്നു.ഭക്ഷണത്തിൽ കറുവാപ്പട്ട കൂടുതലായി ഉൾപ്പെടുത്തുക.ഇത് പ്രമേഹത്തിനുള്ള നല്ലൊരു പരിഹാരമാണ്.അൽപം മധുരം ഉള്ളതിനാൽ മധുരം വേണ്ട ഭക്ഷണവസ്തുക്കളിൽ ഉപയോഗിക്കുകയുമാവാം. ശരീരത്തിന് നല്ല ഫാറ്റ് ആവശ്യമാണ്. ഇത് വയറ്റിൽ അടിഞ്ഞു കൂടുന്ന ചീത്ത കൊഴുപ്പിനെ അകറ്റാൻ അത്യാവശ്യമാണ്.നട്സ് ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നതും ഇതിന് സഹായകമാകും. ബട്ടർ ഫ്രൂട്ട് അഥവാ അവോക്കാഡോ നല്ല കൊഴുപ്പിന്റെ ഉറവിടമാണ്. ഇത് വയറ്റിൽ അടിഞ്ഞുകൂടുന്ന ചീത്ത കൊഴുപ്പിനെ പുറന്തള്ളാൻ സഹായിക്കും. വിശപ്പറിയാതിരിക്കാനും ഇത് നല്ലതാണ്.

സ്ട്രെസുണ്ടാകുമ്പോൾ ശരീരം കോർട്ടി സോൾ എന്നൊരു ഹോർമോൺ പുറപ്പെടുവിക്കും. ഇത് തടി വയ്പിക്കുന്ന ഘടകമാണ്.ഓറഞ്ചിലെ വൈറ്റമിൻ സി ഇതിനെ നിയന്ത്രിക്കാനും വയറ്റിലെ കൊഴുപ്പ് കുറയ്ക്കാനും സഹായിക്കും.ഇത് അപചയം ശക്തിപ്പെടുത്തും.വയറ്റിലെ കൊഴുപ്പ് കത്തിച്ചു കളയാൻ സഹായിക്കും.

രാവില വെറും വയറ്റിൽ ചൂടുവെള്ളത്തിൽ ചെറുനാരങ്ങ ചേർത്തു കഴിക്കുന്നത് അടിവയറ്റിലെ കൊഴുപ്പ് കുറയ്ക്കാനുള്ള മറ്റൊരു മാർഗ്ഗമാണ്. ഇഞ്ചി ശരീരത്തിലെ അപചയ പ്രക്രിയ ശക്തിപ്പെടുത്തുന്നതിനാൽ ദഹന പ്രശ്നങ്ങൾ പരിഹരിക്കപ്പെടും. ഇതുവഴി വയറ്റിലെ കൊഴുപ്പും അകലുന്നു.മധുരകിഴങ്ങിലെ നാരുകൾ ദഹനപ്രക്രിയയെ ശക്തിപ്പെടുത്തുന്നു.വയറ്റിൽ കൊഴുപ്പടിഞ്ഞു കൂടില്ല.മുളകിലെ ക്യാപ്സയാസിൻ വയറ്റിലെ കൊഴുപ്പ് കുറയ്ക്കുന്ന മറ്റൊരു ഘടകമാണ്. ബീൻസ് ധാരാളം പ്രോട്ടീൻസ് അടങ്ങിയ ഭക്ഷണമാണ്.കുക്കുമ്പർ ഇത് വിശപ്പു മാറ്റും,ദഹനത്തിനും നല്ലതാണ്. മഞ്ഞളിലെ കുർമുമിൻ എന്ന ആന്റിഓക്സിഡന്റും വയർ കുറയാൻ സഹായിക്കുന്നു. അതുപോലെ മുട്ടയും തടി കൂട്ടാതെ ശരീരത്തിന് പ്രോട്ടീൻ നൽകുന്നു. ഇതും വയറ്റിലെ കൊഴുപ്പിനെ കൂടാൻ അനുവദിക്കുന്നില്ല. ■



# അറിയിപ്പ്




സാമൂഹിക പ്രതിബദ്ധത ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് കലാധ്വനി മാസികയും കലാധ്വനി ഓൺലൈൻ ന്യൂസ് പോർട്ടലും നടത്തിവരുന്നതെന്നത് ഏവർക്കും സുപരിചിതമാണല്ലോ. . . .!

എൽ.പി.സ്കൂൾ ക്ലാസുകളിലെ കൊച്ചുകൂട്ടുകാർക്കായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് കിഡ്സ് കോർണർ പദ്ധതി. **LP/UP/HS/HSS** കുട്ടികൾക്കായി ഞങ്ങൾ നടപ്പിലാക്കിവരുന്ന പുതിയ പദ്ധതിയാണ് ടാലന്റ് സർച്ച്. കുട്ടികളുടെ വിവിധ കഴിവുകൾ ജനമധ്യത്തിൽ എത്തിക്കുകയെന്നതാണ് ഇതിന്റെ ലക്ഷ്യം.

കുട്ടികളുടെ രക്ഷിതാക്കൾ ചെയ്യേണ്ടതിത്ര മാത്രം...അവരെ സംബന്ധിക്കുന്ന ഒരു ഹൃസ്വ വീഡിയോ ചിത്രം മൊബൈലിൽ എടുത്ത് ഞങ്ങൾക്കയച്ചുതരിക. നിങ്ങളുടെ കുട്ടികളുടെ പ്രത്യേക കഴിവുകൾ ഒന്നോ രണ്ടോ മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ ക്ലിപ്പിങ്ങാക്കി **9037259950** എന്ന വാട്ട്സ് ആപ് നമ്പറിലേക്കയച്ചുതരിക.കുട്ടികളിൽ ജീവിത വിജയം ലക്ഷ്യമിട്ടുള്ള ഞങ്ങളുടെ പ്രവർത്തനത്തിന്റെ ഭാഗമായുള്ള പദ്ധതിയാണിത് . കുട്ടികളുടെ കഴിവുകൾ പുറംലോകമറിയട്ടെ..!

ഞങ്ങളുടെ വാർത്താ ചാനലായ കലാധ്വനി ഓൺലൈൻ ന്യൂസ് പോർട്ടലിൽ ഇത് സംപ്രേഷണം ചെയ്യുന്നതാണ് ....ഓർക്കുക....ഓർത്തിരിക്കുക..!

**www.kaladwaninews.com**

കൂടാതെ സമൂഹത്തിന്റെ വിവിധ മേഖലകളിൽ കാണപ്പെടുന്ന ഭരണതല അഴിമതി, അനാസ്ഥ, കെടുകാര്യസ്ഥത,നീതിനിഷേധം തുടങ്ങിയ വിഷയങ്ങൾക്കെതിരെ ശക്തമായ പ്രവർത്തനങ്ങൾ നടത്തുന്ന കലാധ്വനി മാസിക സ്കൂളുകളിൽ നടപ്പിലാക്കിവരുന്ന വായനാലോകം പദ്ധതിയായ വായനക്കളരിയിലേക്ക്...ഒരുവർഷത്തേയ്ക്ക് മാസിക സ്പോൺസർ ചെയ്യാൻ താൽപര്യമുള്ള കാരുണ്യമനസുകളെയും ക്ഷണിക്കുന്നു.ഫോൺ **9037259950...** മാസിക ഒരു വർഷത്തേയ്ക്ക് 100 രൂപ മാത്രം.

**Call on ...90372 59950**

## About Kaladwani

**Kaladwani is an informative magazine benificial to students and youth for their studies and competitive exams....**

## Kaladawani News

**www.kaladwaninews.com is an online news portal for news and its updates...Live vedios can be seen on Kaladwani news .. on U tube:**

**Facebook:(facebook.com/kaladwani newz) (or) കലാധ്വനി ന്യൂസ്**

**News and articles can be send on:**

***editorkaladwani@gmail.com***

**contact no: 9037259950**

## Our Slogan

**Misson, Integrity and Excellence**



നവവത്സരാശംസകൾ

DT
SINCE : 2000

# ഗീതം | GEETHAM

## മാർജ്ജിൻ ഫ്രീ കമ്പിക്കട & റൂഫിംഗ് മെറ്റീരിയൽസ്

**Help Line :9847743750**
e-mail : dtdmkmr@gmail.com

പാങ്ങല്കാട്
**കടയ്ക്കൽ**
Mob : 9747293000

പോലീസ് സ്റ്റേഷന് സമീപം
**കിളിമാനൂർ**
Mob : 9895506008

മഞ്ചാടിമൂട്
**വെമ്പായം**
Mob : 9847743750

ഹാപ്പിലാന്റ് റോഡ്
**വെമ്പായം**
Mob : 9847742000

കമ്പനിയിൽ നിന്നും നേരിട്ട് വാങ്ങി
മാർജിൻ ഫ്രീ നിലവാരത്തിൽ ഉപഭോക്താവിന്
എത്തിച്ച് കൊടുക്കുന്നതിനാൽ
**കയറ്റുകൂലി ഈടാക്കുന്നതല്ല**

500 കിലോയ്ക്ക്
മുകളിൽ വാർക്കകമ്പി
വാങ്ങുന്നവർക്ക്
വണ്ടി വാടക ഈടാക്കുന്നതല്ല



പവർ പ്രസ് മെഷിന്റെ
സഹായത്തോടെ
ആധുനിക രീതിയിൽ
ജനൽ കമ്പിയും
പട്ടയും ഓർഡർ
അനുസരിച്ച് ഹോൾ
ചെയ്ത് നൽകുന്നു



**ഒരു സന്തോഷ വാർത്ത**



**80 TON വെയ്ബ്രിഡ്ജ്**
**കടക്കൽ പാങ്ങല്കാട്**
**ഉടൻ പ്രവർത്തനം**
**ആരംഭിക്കുന്നു.**

RNI No. KERMAL/2008/27448 KALADWANI Monthly POSTAL REG: No. KL/TV (N) 592/2020-23 Publishing Date 01-01- 2021 Rs. 10/-




Edited, Printed, Published and owned by R. Subhash Chandra Kurup, Published from V.V. Vihar, Elakamon PO, Varkala, Trivandrum 695 310
Printed at Cochin Printech Pvt. Ltd Press, Eloor, Ernakulam. Editor R. Subhash Chandra Kurup Responsible for selection of news under PRB Act.